# ജാമക്കാരൻ
# JAMAKKARAN

ജാ മ ക്കാ ര ൻ JAMAKKARAN

**VOLUME - 3** **Reg NO.TNBIL/2016/70171** **ISSUE - 9**

**SEPTEMBER - 2019 TAMIL & MALAYALAM**

**ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=**

**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**

**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com



കർത്താവിൽപ്രിയ ജാമക്കാരൻ വായനക്കാർക്ക്,

ദൈവത്തിന്റെ അനുഗ്രഹം നിങ്ങൾ എല്ലാവരോടും ഉണ്ടായിരിക്കട്ടെ. നീണ്ട കാലങ്ങളായി ഞാൻ നിങ്ങളെ അറിയിച്ച പ്രകാരം ക്രിസ്ത്യാനികളെ കുഴപ്പിച്ചുകൊണ്ടിരിക്കുന്ന **അന്യഭാഷ**യെക്കുറിച്ചുള്ള വിഷയങ്ങളും വ്യാഖ്യാനങ്ങളും വചനത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ എഴുതിയിരിക്കുന്നു. അന്യഭാഷയെക്കുറിച്ചുള്ള വിവരങ്ങൾ പുസ്തകമാക്കി വിതരണം ചെയ്യുവാൻ ധാരാളം പേർ പണം അയച്ചിരിക്കുന്നു.

ആദ്യമായി അന്യഭാഷയെക്കുറിച്ചുള്ള പുസ്തകത്തിന്റെ വിവരങ്ങൾ ജാമക്കാരൻ മാസികയിൽ വായനക്കാർക്ക് പ്രസിദ്ധീകരിച്ചതിനു ശേഷം പിന്നെ പുസ്തരൂപത്തിൽ മറ്റുള്ളവരും വായിക്കുവാൻ വേണ്ടി ഞാൻ പ്രസിദ്ധീകരിക്കുന്നതാണ്.

## നിങ്ങൾ ചെയ്യേണ്ടത്

ഈ മാസ (സെപ്തംബർ) ജാമക്കാരനിൽ **ആദ്യ** രണ്ടുപേജുകളും **അവസാന** രണ്ടു പേജുകളും ഇളക്കിയെടുത്താൽ, അന്യഭാഷയെക്കുറിച്ചുള്ള വിവരങ്ങൾ നിങ്ങൾക്കുതന്നെ അവസാനം പുസ്തകരൂപത്തിൽ ആക്കുവാൻ കഴിയും.

ഈ മാസ ജാമക്കാരനിൽ 3–ാം പേജുമുതൽ **അന്യഭാഷാ കുഴപ്പം** എന്ന പേരിൽ പ്രാർത്ഥനയോടെ പുസ്തകരൂപത്തിൽ പ്രസിദ്ധീകരണം തുടങ്ങുന്നു.

# SEPTEMBER- 2019

☐ **ജാമക്കാരൻ** വായിക്കുവാൻ **ഇഷ്ടമില്ലാത്തവരും** ഞാൻ എഴുതുന്ന **ഉപദേശ വ്യാഖ്യാനത്തെ** വായിക്കുവാൻ **ഇഷ്ടപ്പെടാത്തവരും** നിങ്ങൾക്ക് അയയ്ക്കുന്ന ജാമക്കാരനെ, കവറിന്റെ പുറത്ത് ***REFUSED*** എന്നെഴുതി സ്റ്റാമ്പ് ഒട്ടിക്കാതെ തന്നെ ***POST BOX*** ൽ നിക്ഷേപിച്ചാൽ, എനിക്കുതന്നെ ആ മാസിക തിരികെ ലഭിക്കും. അപ്പോൾ, നിങ്ങളുടെ വിലാസം ***Mail List*** ൽ നിന്നും ഒഴിവാക്കുവാൻ വളരെ സഹായകരമായിരിക്കും.

☐ 2019 ജൂൺ, ജൂലായ് മാസ **ജാമക്കാരനിൽ** എഴുതിയ ട്രൈബൽമിഷൻ ആശുപത്രിയുടെ ദയനീയ അവസ്ഥയെയും പ്രത്യേകിച്ച് ആദിവാസിയുവതിയുടെ പ്രസവത്തോടനുബന്ധിച്ച് സംഭവിച്ച കാര്യങ്ങളുടെ വിവരങ്ങളും വായിച്ച അനേകർ ആശുപത്രിയുടെ വളർച്ചയ്ക്കായി സാമ്പത്തിക സഹായങ്ങൾ അയച്ചതായി ഞാൻ അറിഞ്ഞു. അതിന് രസീതോ കത്തുകളോ അർക്കെങ്കിലും ലഭിക്കാതെ വന്നിട്ടുണ്ടെങ്കിൽ ആ വിവരം ദയവായി എന്നെയോ, ***Dr.*** **മുരളീധർ** അവർകളെയോ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ***Dr.*** മുരളീധറുമായി ബന്ധപ്പെടേണ്ട നമ്പർ: ***9443165080***.

☐ കഴിഞ്ഞ ജൂലായ്മാസ **ജാമക്കാരനിൽ** പല ബിഷപ്പുമാരുടേയും അവസാന ജീവിതത്തിലുണ്ടായ രോഗം, മരണം *(Stroke)* ഇവകൾ ദൈവം കൊടുത്ത **ശിക്ഷയാണോ**, ദൈവം **അനുവദിച്ചവയാണോ** എന്ന തലക്കെട്ടിൽ ഞാൻ എഴുതിയ വിവരങ്ങൾ വായിച്ച കേരളത്തിലും തമിഴിനാട്ടിലും വിദേശങ്ങളിലും ഉള്ള അനേകർ തങ്ങളുടെ വിമർശനങ്ങൾ എന്നെ എഴുതി അറിയിച്ചു വിമർശനങ്ങൾ എഴുതി അയച്ച എല്ലാവർക്കും നന്ദി. ചിലർ എഴുതിയ കത്തിൽ, താങ്കൾ എഴുതിയ ആ ലേഖനത്തിലെ ചോദ്യങ്ങൾക്ക് താങ്കളുടെ വ്യക്തിപരമായ അഭിപ്രായം എന്തുകൊണ്ട് എഴുതിയില്ല എന്ന് ചോദിച്ചിരുന്നു – നന്ദി.

☐ നിങ്ങൾ അയച്ച കാണിയ്ക്ക പണം *MO, DD, CHEQUE, NEFT* വഴിയായി എനിക്ക് ലഭിച്ചു. അയച്ച എല്ലാവർക്കും നന്ദി. നിങ്ങളെപ്പോലെയുള്ള വായനക്കാരാണ് 1969–ൽ തുടങ്ങി ഇതുവരേയും ഒരു മാസംപോലും മുടങ്ങാതെ മാസിക പ്രസിദ്ധീകരിക്കുവാൻ എന്നെ താങ്ങുന്നത്. **ദൈവത്തിന് സ്തോത്രം.**

ഇനി തുടർന്ന് എഴുതുവാൻ പോകുന്ന **അന്യഭാഷാ കുഴപ്പ**ത്തിലേയ്ക്ക് പ്രവേശിക്കാം. വായിച്ച് ഈ വിഷയത്തിലുള്ള യഥാർത്ഥ സത്യത്തെ അറിയുവാൻ ദൈവം ഇടവരുത്തട്ടെ. കർത്താവ് വായനക്കാരായ നിങ്ങളെ അനുഗ്രഹിച്ച് പരിശുദ്ധാത്മാവിനാൽ എഴുതപ്പെട്ട വേദപുസ്തകത്തിന്റെ രഹസ്യങ്ങളെ, അതേ പരിശുദ്ധാത്മാവിനാൽ തന്നെ വെളിപ്പെടുത്തിതരുമാറാകട്ടെ!!!

ഡോ. **പുഷ്പരാജ്**

# അന്യഭാഷാകുഴപ്പം



*പ്രസാധകൻ :*
**Dr. പുഷ്പരാജ്**

**ഒരു ജാമക്കാരൻ പ്രസിദ്ധീകരണം**
(*പ്രസാധകൻ : **Dr.*** **പുഷ്പരാജ്,** സേലം-5)
**പ്രസാധക കുറിപ്പ്**

ജാമക്കാരനിൽ പല വർഷങ്ങൾക്കുമുമ്പ് അന്യഭാഷയെക്കുറിച്ച് ചെറിയ ചെറിയ ലേഖനങ്ങളായി പ്രസിദ്ധീകരിച്ചിരുന്നു. ചോദ്യോത്തര ഭാഗത്തിൽ ഈ വിഷയത്തെക്കുറിച്ച് പല വ്യാഖ്യാനങ്ങളും എഴുതിയിരുന്നു. ഏകദേശം അതിന്റെ ശേഖരണമാണ് ഇത്. ഈ വിവരങ്ങൾ ജാമക്കാരനിൽ തുടർന്ന് ഞാൻ എഴുതുമ്പോൾ നിങ്ങൾക്ക് എന്തെങ്കിലും സംശയങ്ങൾ ഉണ്ടായാൽ ഉടൻതന്നെ അക്കാര്യം എന്നോട് കത്തെഴുതി ചോദിക്കാം. അങ്ങനെ എഴുതുന്നവർ നിങ്ങളുടെ പൂർണ്ണമായ വിലാസവും ഫോൺ നമ്പരും കൂടി എഴുതുവാൻ മറക്കരുത്. ഊമകത്തുപോലെ എഴുതുന്നവരുടെ കത്ത് ഞാൻ വായിക്കും, പക്ഷേ അതിനുള്ള മറുപടി ഞാൻ എഴുതുകയില്ല. അന്യഭാഷാ വിഷയങ്ങളെക്കുറിച്ച് പാസ്റ്റർമാരോ, വിശ്വാസകളോ ആരെഴുതിയാലും അവരുടെ പേരോ മേൽവിലാസമോ ഞാൻ മാസികയിൽ പ്രസിദ്ധീകരിക്കുകയില്ല. അതുകൊണ്ട് നിങ്ങൾക്ക് ധൈര്യമായിട്ട് സംശയങ്ങൾ ചോദിക്കാം. എന്നെ വിമർശിച്ചും നിങ്ങൾക്ക് എഴുതാം.

- ☐ യഥാർത്ഥ സത്യം അറിയണം എന്ന് ആഗ്രഹിക്കുന്നവർ ചോദ്യങ്ങൾ ചോദിക്കും. അങ്ങനെ ഉള്ളവർക്ക് മറുപടികൊടുക്കാം. എന്നെ ഇഷ്ടപ്പെടാത്തവർ, ഞാൻ എഴുതുന്ന വചന വ്യാഖ്യാനത്തെ സമ്മതിക്കാ

ത്തവർ വാഗ്വാദം ചെയ്യാൻ ചോദ്യങ്ങൾ ചോദിച്ചാൽ അതിന് മറുപടി തരാൻ ഇഷ്ടപ്പെടുന്നില്ല. പൗലോസ് പറയുന്നതുപോലെ **വാഗ്വാദം** നടത്തുവാൻ ഞാനില്ല.

## ആദ്യം നിങ്ങൾ മനസ്സിലാക്കേണ്ടത്

□ ഇത് എഴുതുന്ന ***Dr.*** പുഷ്പരാജ് ആകുന്ന ഞാൻ പരിശുദ്ധാത്മാവിനെ വിശ്വസിക്കുന്നു. **പരിശുദ്ധാത്മാവിന്റെ നിറവ്** എനിക്കും കിട്ടിയിട്ടുണ്ട്. പരിശുദ്ധാത്മാവ് എന്നിൽ **ആവസിക്കുന്നതിനാൽ** കർത്താവ് എനിക്ക് **വരങ്ങൾ** നൽകി. ഞാൻ ദൈവവേലയ്ക്ക് പോകുന്ന സ്ഥലങ്ങളിലെല്ലാം അതത് സ്ഥലത്തെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ **അത്ഭുതങ്ങളും രോഗസൗഖ്യങ്ങളും** അവർക്ക് ഉണ്ടാകുവാൻ തക്കവണ്ണം എന്നെക്കൊണ്ട് പ്രവർത്തിക്കുന്നത് ഞാൻ മനസ്സിലാക്കുന്നു. എന്റെ അരികിൽ പ്രാർത്ഥിക്കുവാൻ വരുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോൾ അവരുടെ കുറവുകളെ ചൂണ്ടിക്കാണിച്ച് അവർക്ക് മുന്നറിയിപ്പുകളും ആലോചനകളും പറഞ്ഞ് അയയ്ച്ചശേഷം അവർ പറയുന്ന സാക്ഷ്യങ്ങളെ ഞാൻ കേൾക്കുമ്പോൾ പരിശുദ്ധാത്മാവ് **എന്നെ തന്റെ ഉപകരണമാക്കി** വരങ്ങൾ നൽകി ഉപയോഗിച്ചു ദൈവം തന്റെ നാമത്തെ മഹത്വപ്പെടുത്തുന്നു എന്ന് എനിക്കു തന്നെ മനസ്സിലാകുന്നു. കർത്താവിന് സ്തോത്രം!!!

ഞാൻ പ്രസംഗിക്കുമ്പോൾ എന്റെ **വായ്മൊഴിയായി** കർത്താവ് അരുളുന്ന വചനങ്ങൾ മുഖാന്തരം യോഗങ്ങളിൽ വ്യക്തികളിൽ വലിയ മാറ്റങ്ങൾ നടക്കുന്നത് എനിക്ക് കാണുവാൻ സാധിക്കുന്നു. ആ അത്ഭുത സാക്ഷ്യങ്ങളെ ഞാൻ എന്റെ **മാസികയിലോ** യോഗമദ്ധ്യേ എന്റെ പ്രസംഗത്തിലോ അറിയിക്കുന്നില്ല. **സൗഖ്യം** ലഭിച്ചവരും **മാനസാന്തരം** ലഭിച്ചവരും എന്റെ യോഗം നടക്കുന്ന **സ്റ്റേജിൽ** സാക്ഷ്യം പറയുവാൻ ആഗ്രഹിച്ചാലും ഞാൻ അത് അനുവദിക്കുന്നില്ല. നടന്ന അത്ഭുതങ്ങളെ പരസ്യപ്പെടുത്തിയാൽ അത് **ദൈവവേലക്കാരനായ എന്നെ ഉയർത്തിക്കാണിക്കും**. ആ അത്ഭുതങ്ങൾ ലഭിച്ചവർ ഒരാൾ, മറ്റൊരാളുമായി സംസാരിക്കുമ്പോൾ എന്റെ യോഗത്തിലും എന്റെ പ്രാർത്ഥനയിലും ലഭിച്ച ആലോചനകളെ, രോഗ

സൗഖ്യത്തെ, മുന്നറിയിപ്പുകളെ, പ്രവചനങ്ങൾ എന്ന് തെറ്റിദ്ധരിക്കുന്നു. അങ്ങനെ മറ്റുള്ളവരോട് എന്നെ പുകഴ്ത്തിപറയുന്നത് എനിക്ക് അപകടം ഉണ്ടാക്കും എന്ന് ഞാൻ ഭയപ്പെടുന്നു. അങ്ങനെ എന്നെ പുകഴ്ത്തി പറഞ്ഞാൽ ജനങ്ങൾ കർത്താവിനെ അന്വേഷിക്കാതെ എന്നെ അന്വേഷിച്ചു വരുവാൻ ഇടയാക്കും. **പ്രവർത്തിച്ചതും, അത്ഭുതം ചെയ്തതും യേശുക്രിസ്തുവാണ്**. ഈ ചിന്ത, എന്നിൽ പരിശുദ്ധാത്മാവ് നിറഞ്ഞിരിക്കുന്നു എന്ന് ഉറപ്പാക്കുന്നു. അതു മാത്രമല്ല, എന്റെ വ്യക്തിപരമായ ജീവിതം, എന്റെ സ്വന്തഭവനത്തിലും പുറത്തും ഉള്ള എന്റെ സാക്ഷ്യം വഴിയായി പരിശുദ്ധാത്മാവ് എന്നിൽ വസിക്കുന്നു എന്നുള്ളത് വെളിവാക്കുന്നു. ഈ പരിശുദ്ധാത്മാവിന്റെ നിറവ്, എനിക്കും മറ്റു ദൈവവേലക്കാർക്കും മാത്രമല്ല, വചനം കേട്ട് അനുസരിച്ച് മാനസാന്തരപ്പെടുന്ന എല്ലാ ക്രിസ്തീയ വിശ്വാസികൾക്കുള്ളിലും പരിശിദ്ധാത്മാവ് ഇറങ്ങി ഇതേ അൽഭുതങ്ങളും പ്രവർത്തികളും നടത്തിക്കുവാൻ ദൈവം ഇഷ്ടപ്പെടുന്നു.

## ഈ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നത് എങ്ങനെ?

☐ **പരിശുദ്ധാത്മാവ് ലഭിച്ചു എന്നുള്ളതിന് അടയാളം എന്താണ്?**

മുകളിൽ ചോദിച്ചിരിക്കുന്ന ചോദ്യങ്ങളാണ് പലരിലും കുഴപ്പങ്ങൾ ഉണ്ടാക്കുന്നത്. ഈ പ്രധാന വിഷയത്തെ നാം ധ്യാനിക്കുന്നതിനു മുൻപ് ചില അടിസ്ഥാന വിഷയങ്ങൾ വായനക്കാർ അറിയേണ്ടത് വളരെ അത്യാവശ്യമാണ്.

## ഞാൻ എഴുതുവാൻ പോകുന്ന വിഷയം

ജാമക്കാരനെ പല വർഷങ്ങളായി വായിച്ച് അതെല്ലാം പലരും ബൈൻഡ് ചെയ്ത് വച്ചിരിക്കുന്നതായി ഞാൻ അറിഞ്ഞു. ഞാൻ ജാമക്കാരൻ, ***Dr.*** പുഷ്പരാജ് അവർകളുടെ ഒരു ആരാധകനാണ്. വർഷങ്ങളായി ഞാൻ ജാമക്കാരന് സംഭാവനകൾ അയച്ചു വരുന്നവനാണ് എന്നെല്ലാം നിങ്ങൾ പറഞ്ഞാലും, നിങ്ങൾ മാനസാന്തര അനുഭവം ഇല്ലാത്തവനായിരുന്നാൽ വേദപുസ്തകത്തെ

ക്രമമായി വായിക്കാത്തവരായിരുന്നാൽ, ഇപ്പോൾ ഞാൻ എഴുതുന്ന അന്യഭാഷയെക്കുറിച്ചും പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും നിങ്ങൾക്കു മനസ്സിലാക്കുവാൻ കഴിയുകയില്ല.

അതുപോലെതന്നെ ഇതു വായിക്കുന്ന നിങ്ങൾ സീനിയർ പാസ്റ്ററോ, ബിഷപ്പോ, ലോകപ്രസിദ്ധ പ്രാസംഗികനോ ആയിരുന്നാലും **മാനസാന്തര അനുഭവം** ഇല്ലാതെ ബൈബിൾ കോളേജിലെ ഉയർന്ന ഡിഗ്രികൾ സമ്പാദിച്ചവർ ആയിരുന്നാലും ബൈബിൾ കോളേജിലെ അദ്ധ്യാപകൻ ആയിരുന്നാലും ഞാൻ എഴുതുന്ന അന്യഭാഷാ വ്യാഖ്യാനങ്ങളെ നിങ്ങൾക്ക് മനസ്സിലാക്കുവാൻ സാധിക്കുകയില്ല. ഈ വിഷയങ്ങൾ ആദ്യമായി നിങ്ങൾ എല്ലാവരും അറിയണം. അതുപോലെതന്നെ രോഗസൗഖ്യവരം ലഭിച്ച വ്യക്തി ആയിരുന്നാലും പല വർഷങ്ങളായി സഭാജനങ്ങളെ അഭിഷേകത്തിൽ വഴി നടത്തിയിരിക്കുന്നു എന്നു നിങ്ങൾ അവകാശപ്പെട്ടാലും, **മാനസാന്തര അനുഭവം** ഇല്ലാതെ അന്യഭാഷാ വ്യാഖ്യാനത്തെ മനസ്സിലാക്കുവാൻ കഴിയുന്നതല്ല.

- ☐ അതുകൊണ്ടുതന്നെ **മാനസാന്തരത്തിന്റെ അനുഭവം** ലഭിക്കാത്തവർ അന്യഭാഷയെക്കുറിച്ചു തർക്കിക്കുവാനോ വിമർശിക്കുവാനോ യോഗ്യത ഇല്ലാത്തവരാകുന്നു.

**മലേഷ്യ പെന്തെക്കോസ്തു സഭയിലെ പാസ്റ്റർമാരുടെ മദ്ധ്യേ ഞാൻ**

- ☐ 2017 ൽ മലേഷ്യ **പെന്തെക്കോസ്തു**സഭാ പാസ്റ്റർമാർ എല്ലാവരേയും മലേഷ്യയിലുള്ള അതതു ജില്ലകളിൽ ഒരു ആഡിറ്റോറിയത്തിലോ, പള്ളിയുടെ പാരിഷ്ഹാളിലോ കൂട്ടിവരുത്തി **അന്യഭാഷ**യെക്കുറിച്ച് മാത്രം വാദിക്കുവാനും ചോദ്യോത്തരവേളയും ഏർപ്പാടു ചെയ്ത്, അവരുടെ മദ്ധ്യത്തിൽ എന്നെ ഇരുത്തി ഒരു സംവാദം നടത്തി. അതെല്ലാം വീഡിയോയിൽ റിക്കാർഡ് ചെയ്യാനുള്ള ക്രമീകരണം ചെയ്തിരുന്നു. ഈ നല്ല ഏർപ്പാട് ഒരുക്കിയ മാന്യരായ സഭാനേതാക്കളെയും ഞാൻ അഭിനന്ദിക്കുന്നു. ഈ യോഗത്തിൽ സംബന്ധിച്ച വിവിധ പെന്തക്കോസ്തു വിഭാഗത്തിലെ

പാസ്റ്റർമാർ തർക്കത്തിനു ഇടവരുത്തുകയോ ദേഷ്യപ്പെടുകയോ ചെയ്യാതെ തങ്ങൾ ഓരോരുത്തരും നേരത്തെ എഴുതി തയ്യാറാക്കിക്കൊണ്ടുവന്ന ചോദ്യ ങ്ങൾ ഓരോന്നായി എന്നോടു ചോദിച്ചു. അതിനെല്ലാം വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ എന്റെ പതിവനുസരിച്ച് കണ്ണടച്ചുകൊണ്ട് മറുപടിയും കൊടുത്തുകൊണ്ടേ യിരുന്നു. ഞാനും അവരോട് പരസ്യമായി അന്യഭാ ഷയെക്കുറിച്ച് അവരുടെ വ്യക്തിപരമായ അനുഭവത്തെക്കുറിച്ച് ചോദിച്ചു. അതിന് അവർ പറഞ്ഞ മറുപടിയിൽ അവരുടെ അനുഭവങ്ങൾ **വചനത്തിന്റെ അടിസ്ഥാനത്തിൽ ഇല്ലാത്തത്** ഞാൻ ചൂണ്ടിക്കാണിച്ചു. ആ പ്രത്യേക സംവാദയോഗം തീരുന്നതുവരെ ഞാൻ പറഞ്ഞ മറുപടികൾക്ക് അവിടെ സംബന്ധിച്ച ഒരു പാസ്റ്റർക്കുപോലും എതിർ പറയുവാൻ സാധിച്ചില്ല. ആ പാസ്റ്റർമാരുടെ അനുഭവത്തെ വചനത്തിന്റെ അടിസ്ഥാനത്തിൽ തെറ്റ് എന്ന് ചൂണ്ടിക്കാണിച്ചപ്പോഴും അവരാരും എന്നോട് ദേഷ്യപ്പെട്ടില്ല. ഞാൻ ചോദിച്ച ചോദ്യങ്ങൾക്ക് മറുപടി പറയുവാൻ കഴിയാത്ത വിഷമം കൊണ്ട് ചില പാസ്റ്റർമാർ നിശബ്ദരായി തലകുമ്പിട്ടിരുന്നു. എന്നാലും അനേകവർഷ ങ്ങളായി താനും തന്റെ സഭാജനങ്ങളും ചേർന്ന് അവരുടെ ആരാധനയിൽ സംസാരിച്ച അന്യഭാഷ, അത് വ്യാജം എന്നു ഞാൻ പറഞ്ഞപ്പോൾ അത് അവർക്ക് വലിയ വിഷമം ഉണ്ടാക്കി. അതിന് അവർക്ക് മറുപടി പറയു വാനും കഴിഞ്ഞില്ല. മലേഷ്യയിൽ നടത്തിയ ഈ സംവാദയോഗങ്ങളിൽ പങ്കെടുത്ത, ചോദ്യങ്ങൾ ചോദിച്ച പാസ്റ്റർമാർ എല്ലാവരും വളരെ മാന്യ മായിട്ടാണ് എന്നോട് പെരുമാറിയത്. ഈ യോഗത്തിൽ ഒരു വലിയ ബഹളം ഉണ്ടാകും, ***Dr.*** പുഷ്പരാജിനെ ചോദ്യങ്ങൾ ചോദിച്ച് അപമാനപ്പെടുത്തും എന്ന് പ്രതീക്ഷിച്ച് ആ യോഗങ്ങൾ ക്രമീകരിച്ചവർക്ക് വളരെ അതിശയം തോന്നി.

- ☐ ഇതിൽ പ്രധാനമായിട്ടും ഞാൻ പറയുവാൻ ഭാരപ്പെടുന്ന വിഷയം എന്തെന്നാൽ, ഈ യോഗത്തിൽ സംബന്ധിച്ച പെന്തെക്കോസ്ത് പാസ്റ്റർമാർ **ഭൂരി ഭാഗവും മാനസാന്തര അനുഭവം** ഇല്ലാത്തവരായിരുന്നു എന്ന് ഞാൻ അറി

ഞ്ഞപ്പോൾ പെന്തെക്കോസ്തുസഭകളെക്കുറിച്ച് വലിയ ഒരു ഭാരം എന്നിൽ ഉണ്ടായി. ഈ യോഗം ആരംഭിക്കുന്നതിനുമുൻപ് ഓരോരോ സ്ഥലങ്ങളിലും എന്റെ മാനസാന്തര അനുഭവം, പരിശുദ്ധാത്മനിറവിന്റെ അനുഭവം ആദ്യമേ ഞാൻ അവരോടു വിവരിച്ചു പറഞ്ഞു. അതിന്റെ ശേഷം യോഗത്തിൽ സംബന്ധിച്ച ഓരോരോ പാസ്റ്റർമാരുടേയും സഭകളുടെ പേര്, എത്രകാലങ്ങളായി പാസ്റ്റർമാരായി പ്രവർത്തിക്കുന്നു എന്നുള്ള വിവരം ഞാൻ ചോദിച്ചു. അവസാനം അവരുടെ മാനസാന്തര അനുഭവത്തെ ഞാൻ ചോദിച്ചപ്പോളാണ് അവർക്കൊന്നും യഥാർത്ഥ മാനസാന്തര അനുഭവം ഇല്ലായെന്നുള്ള വിവരം എനിക്കു മനസ്സിലായത്. എല്ലാ പാസ്റ്റർമാരും അവരവരുടെ സീറ്റുകളിൽ, സ്കൂൾ പിള്ളാരെപ്പോലെ നിന്നുകൊണ്ട് മറുപടിപറയാതെ, ഇരുന്നുകൊണ്ടുതന്നെ അവരവരുടെ കൈകളിൽ മൈക്ക് കൊടുത്ത് ഓരോരുത്തരുടേയും അനുഭവങ്ങളെയും ചോദ്യങ്ങളെ ചോദിക്കുവാനുള്ള അവസരവും യോഗം ക്രമീകരിച്ചിരുന്നവർ വളരെ മാന്യതയോടെ ഒരുക്കിയിരുന്നു. യോഗത്തിന്റെ അവസാനം ഞാൻ എണീറ്റ് അന്യഭാഷയുടെ ചരിത്രത്തെക്കുറിച്ച് പറഞ്ഞ്, വേദവചനത്തിന്റെ അടിസ്ഥാനത്തിൽ **പരിശുദ്ധാത്മാവ്** ആരാണ്? ആദിയിൽ മനുഷ്യരുടെ ഉള്ളിൽ **പരിശുദ്ധാത്മാവ്** പ്രവേശിച്ചതും പ്രവർത്തിച്ചതും എങ്ങനെ എന്നുള്ള കാര്യങ്ങൾ പറഞ്ഞ്, അന്യഭാഷയെ **ഒരുവരമായിട്ട്** വേദപുസ്തകം പറയുന്നതുകൊണ്ട് **വരങ്ങൾ ചോദിക്കുവാൻ പാടില്ല, അത് ദൈവത്താൽ കൊടുക്കപ്പെടുന്നതാണ്** എന്നുള്ള യഥാർത്ഥ്യങ്ങളെ അവർക്ക് വെളിപ്പെടുത്തി പ്രാർത്ഥിച്ച് യോഗം അവസാനിപ്പിച്ചു. അതിൽ സംബന്ധിച്ച പാസ്റ്റർമാർ ഭൂരിപക്ഷംപേരും ഞാൻ പറഞ്ഞത് സ്വീകരിക്കുവാൻ ഇഷ്ടപ്പെട്ടില്ല. സഭയിൽ അന്യഭാഷ സംസാരിക്കുന്നത് തെറ്റ് എന്ന് അവർ മനസ്സിലാക്കി. എന്നാലും അതെല്ലാം ഉപേക്ഷിക്കുവാനോ സഭയിൽനിന്നും ഒഴിവാക്കുവാനോ ഞങ്ങളെക്കൊണ്ട് കഴിയുകയില്ലായെന്ന് എന്നോട് അവർ രഹസ്യമായി അറിയിച്ചു. പക്ഷേ, എന്റെ വേല യാഥാർത്ഥ്യം അറിയിക്കുക എന്നതാണ്. അത് ഞാൻ പൂർത്തിയാക്കി. അത് സ്വീകരിക്കുന്നതും സ്വീകരിക്കാത്തതും അവരുടെ ഇഷ്ടം. ഈ നല്ല ഏർപ്പാടുകൾക്കായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

- ഭൂരിപക്ഷ പെന്തെക്കോസ്തു പാസ്റ്റർമാർ പാട്ട്, ആരാധന, അഭിഷേക ആരാധന, അഗ്നിഅഭിഷേക അനുഗ്രഹ ആരാധാന തുടങ്ങി വിവിധങ്ങളായി സഭയിൽ നടത്തുന്നു. പ്രസംഗം അത്യുഗ്രം, ദർശനം, പ്രവചനം തുടങ്ങി പല അനുഭവങ്ങൾ പാസ്റ്റർമാർക്കുണ്ട് എന്ന് അറിയപ്പെടുന്നു. പക്ഷേ, ആ പാസ്റ്റർമാരുടെ അനുഭവത്തിൽ **മാനസാന്തരം ഇല്ല**. സ്വന്തവീട്ടിലും സഭയിലും സഭാകാണിയ്ക്ക പണത്തിലും സാക്ഷ്യം ഇല്ല. ജനങ്ങളെ ആകർഷിക്കുവാൻ പല വിധങ്ങളിലും അവർ കള്ളങ്ങൾ പറയുന്നു. ഇത് പാസ്റ്ററുടെ സ്വന്ത കുടുംബത്തിലുള്ള വ്യക്തികളുടെ രഹസ്യമൊഴികളാണ്. ഇതുതന്നെയാണ് ഇൻഡ്യയിലെ ഭൂരിപക്ഷ പെന്തെക്കോസ്ത് സഭകളുടെയും അവസ്ഥ.

ഇതെല്ലാം അറിഞ്ഞുകൊണ്ടാണ് അന്യഭാഷയെക്കുറിച്ച് ഞാൻ എഴുതുന്നത്. വായിക്കുന്നതിനുമുൻപ്, വായിക്കുന്നവർ ആരായിരുന്നാലും മാനസാന്തരത്തിന്റെ അനുഭവങ്ങൾ ഉണ്ടായിരുന്നാൽ മാത്രമേ ഞാൻ എഴുതുവാൻ പോകുന്ന സത്യങ്ങളെ മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ. മറ്റുള്ളവർ വെറുതെ സമ്മതിക്കുന്നു എന്ന് പറഞ്ഞാലും എഴുതുന്ന സത്യം ശരിയാണ് എന്നുപറഞ്ഞാലും അവരുടെ മനസ്സാക്ഷിപ്രകാരം അവർ പറയുന്നത് വ്യാജം എന്ന് അറിയുമ്പോൾ ഈ സത്യം അവർക്ക് പ്രയോജനപ്പെടുന്നില്ല.

## വേദവചനത്തെ മനസ്സിലാക്കേണ്ട വിധം

- ഒരു **വചനത്തെ** വായിക്കുമ്പോൾ ആ വചനത്തിന്റെ മുകളിലത്തെ വചനങ്ങ ളെയും ആ വചനത്തിന്റെ താഴെയുള്ള വചനങ്ങളെയും കൂട്ടിചേർത്ത് വായിച്ചാൽ മാത്രമേ **ആ വചനത്തിന്റെ പ്രത്യേക ആശയം** മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ.

ഒരു വചനത്തെ വായിക്കുമ്പോൾ അതിന്റെ **ചരിത്രസത്യം** എന്താണ്? **ഏതു സാഹചര്യത്തിലാണ്** ആ വചനം എഴുതപ്പെട്ടത്? ആ

വചനം **ആർക്കുവേണ്ടിയാണ്** എഴുതപ്പെട്ടത്? ആ വചനത്തെ അല്ലെങ്കിൽ ആ അദ്ധ്യായത്തെ എഴുതിയവർ **എന്ത് ഉദ്ദേശ്യത്തോടെയാണ്** എഴുതിയത് എന്നുള്ള കാര്യങ്ങൾ അറിയണം. അതോടൊപ്പം ആ വ്യക്തി അതെഴുതുമ്പോൾ **ഏത് സാഹചര്യത്തിൽ** ആയിരുന്നു? തുടങ്ങിയ വിവരങ്ങൾ അറിയാതെ ഒരു വചനത്തിന്റെ അർത്ഥത്തെ നേരിട്ട് എടുക്കുവാൻ പാടില്ല. അത് ആപത്താണ്. അത് നിങ്ങളെയും നിങ്ങളുടെ ഉപദേശത്തേയും കുഴപ്പമുള്ളതാക്കും.

- ☐ അതുപോലെ തന്നെ ചില വചനങ്ങളെ **അത് എഴുതിയിട്ടുള്ളപ്രകാരം** തന്നെ എടുത്ത് ഉപയോഗിക്കാം. ചില വചനങ്ങൾക്ക് **ആത്മീക അർത്ഥം** മനസ്സിലാക്കി അതെടുത്ത് ഉപയോഗിക്കാം. ഉദാ:- മത്തായി 5:23-30 ൽ ഇടർച്ച്ചുള്ള കണ്ണിനെ ചൂഴിന്നെടുക്കുക അതുപോലെ തന്നെ നിങ്ങളുടെ കൈ നിങ്ങൾക്ക് ഇടർച്ച വരുത്തിയാൽ അതിനെ ഛേദിച്ചു കളക എന്നിങ്ങനെ യേശു പറഞ്ഞു. ഇതിന്റെ യഥാർത്ഥ അർത്ഥം കണ്ണിനെ ചൂഴ്ന്നെടുക്കുന്നതും കൈയെ ഛേദിച്ചു കളയുന്നതും അല്ല. നീ നരകത്തിൽ പോകാതിരിക്കുവാൻ ഈ ലോകത്തിലെ ഏതു നഷ്ടത്തെയും സഹിക്കുവാനും ഉപേക്ഷിക്കുവാനും തയ്യാറായിരിക്കണം. ഒരു പാപത്തെ നാം നോക്കുകയാണെങ്കിൽ, ആ കണ്ണുകൊണ്ടു മാത്രമല്ല ഇരുകണ്ണുകളും കൊണ്ട് ഒരുപോലെ കാണുന്നു. അതുകൊണ്ട് നേരിട്ട് അർത്ഥം എടുത്താൽ നമ്മിൽ ഭൂരിപക്ഷംപേർക്കും കണ്ണ് ഉണ്ടായിരിക്കുകയില്ല. അതുകൊണ്ട് **ഇങ്ങനെയുള്ള വചനങ്ങളിൽ അതിന്റെ ആത്മീകഅർത്ഥമാണ്** എടുക്കേണ്ടത്. അതുപോലെ തന്നെ, സഭയിൽ **സ്ത്രീകൾ സംസാരിക്കുവാൻ പാടില്ല** എന്ന വചനം, **സഭയിൽ സ്ത്രീകൾ മൂടുപടം ഇടണം** എന്നുപറയുന്ന വചനം ഇതിനെല്ലാം യഥാർത്ഥ അർത്ഥം മനസ്സിലാക്കണമെങ്കിൽ, **യഹൂദാ സംസ്കാരത്തിന്റെ** അടിസ്ഥാനത്തിൽ അതിന്റെ അർത്ഥം മനസ്സിലാക്കണം. യഹൂദ സംസ്കാരമായാലും റോമ സംസ്കാരമായാലും നമ്മുടെ ആത്മീക ജീവിതത്തിനും ആത്മാവിനും നല്ലത് എന്നുതോന്നിയാൽ ആ വചനത്തിൽ കർത്താവിന് ഇഷ്ടമായത് നാം കൈക്കൊള്ളണം. ഇങ്ങനെയുള്ള വിഷയത്തിൽ **വാഗ്വാദം** ഉണ്ടാകുവാൻ പാടില്ല.

## പെന്തെക്കോസ്തു സഭക്കാർ മറ്റുള്ളവരെ കുഴപ്പിക്കുന്ന വചനം

**അന്യഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല ദൈവത്തോടത്രേ സംസാരിക്കുന്നു; ആരും തിരിച്ചറിയുന്നില്ലല്ലോ; എങ്കിലും അവൻ ആത്മാവിൽ മർമ്മങ്ങളെ സംസാരിക്കുന്നു. 1 കൊരി:14:1,2.** ഈ വചനങ്ങളെ ചൂണ്ടിക്കാണിച്ചാണ് പെന്തെക്കോസ്തുസഭക്കാർ തങ്ങൾ സംസാരിക്കുന്ന അന്യഭാഷയ്ക്ക് **അർത്ഥം ആവശ്യമില്ല** എന്നുപറഞ്ഞ് അന്യഭാഷയെ സംശയിക്കുന്നത്. ഈ വചനത്തിൽ എഴുതിയിരിക്കുന്ന അന്യഭാഷയ്ക്ക് അർത്ഥം ചോദിക്കുവാൻ പാടില്ല എന്ന് ആ വചനത്തിൽ എഴുതിയിരിക്കുന്നതുകൊണ്ട് അവർ സംസാരിക്കുന്ന അന്യഭാഷയ്ക്ക് അർത്ഥം ചോദിക്കുവാൻ പാടില്ലായെന്ന് അവർ പറയുന്നു. ഇവർ ജനങ്ങളെ വഞ്ചിക്കുവാൻ ഉപയോഗിക്കുന്ന വചനമാണിത്. ഈ വചനത്തിന്റെ അർത്ഥം പാസ്റ്റർമാർക്ക് അറിയത്തില്ല. കാരണം അവരെ പറഞ്ഞ് ഏൽപ്പിച്ചവർ ആ വചനത്തിന്റെ സാഹചര്യത്തെ മറച്ചിരിക്കും. ഈ ലേഖനത്തിന്റെ ആരംഭത്തിൽ വചനത്തിന്റെ അർത്ഥം എങ്ങനെ എടുക്കണം എന്ന് എഴുതി. അതിൻപ്രകാരം വചനത്തിന്റെ അർത്ഥത്തെക്കുറിച്ച് നിങ്ങൾ അറിയേണ്ട പ്രധാന വിഷയം

- ☐ ഈ ലേഖനം എഴുതിയത് ആര്?
- ☐ ആർക്കുവേണ്ടിയാണ് ഈ ലേഖനം എഴുതപ്പെട്ടത്?
- ☐ ഈ ലേഖനം കൊരിന്ത്യസഭയ്ക്ക് അല്ലാതെ മറ്റു സഭകളും കൈക്കൊള്ളുവാൻ എഴുതപ്പെട്ടതാണോ?
- ☐ ഈ ലേഖനത്തിനുള്ള വിഷയങ്ങൾ മറ്റു സഭകൾക്കും യോജിച്ചതാണോ?
- ☐ പൗലോസ് മറ്റു സഭകൾക്ക് തന്റെ ലേഖനം എഴുതുമ്പോൾ ഒരു ലേഖനത്തിലെങ്കിലും അന്യഭാഷയെക്കുറിച്ച് എഴുതിയതായിട്ട് ആർക്കെങ്കിലും ചൂണ്ടിക്കാണിക്കുവാൻ കഴിയുമോ?
- ☐ **ഒരു ലേഖനത്തിലും ഒരു സഭയ്ക്കും അന്യഭാഷയെക്കുറിച്ച് എഴുതിയിട്ടില്ല.**

- പ്രാർത്ഥന ചെയ്യുമ്പോൾ എന്ന് ആ വചനത്തിൽ ചൂണ്ടിക്കാണിക്കുന്നതിന്റെ അർത്ഥം ഒരാൾ തന്റെ വ്യക്തിപരമായ പ്രാർത്ഥനയിൽ പറയപ്പെട്ടതാണോ? അതോ സഭാ ആരാധനയുടെ മദ്ധ്യേ ചെയ്യപ്പെട്ട പ്രാർത്ഥനയാണോ അത്. മുകളിൽ എഴുതപ്പെട്ടിട്ടുള്ള ചോദ്യങ്ങൾക്കുള്ള മറുപടി കണ്ടുപിടിച്ചു ധ്യാനിപ്പിൻ. അതേ അദ്ധ്യായത്തിൽ 1 കൊരി :14:4 ൽ അന്യഭാഷ സംസാരിക്കുന്നവനെക്കുറിച്ചും പ്രവചനം പറയുന്നവനെക്കുറിച്ചും എഴുതപ്പെട്ടിരിക്കുന്നു. അത് കൊരിന്ത്യസഭയ്ക്കുവേണ്ടി മാത്രമാണ് ആ ഒരു വചനത്തെ എഴുതിയിരിക്കുന്നത്. അതുകൊണ്ട് ഇത് കൊരിന്ത്യ പട്ടണത്തിൽ സഭാരാധനാമദ്ധ്യേ നടന്ന സംഭവത്തെയാണ് അപ്പോസ്തലനായ പൗലോസ് ഇവിടെ എഴുതിയിരിക്കുന്നത്. നേരത്തെ ആ സഭയിലെ ഭാഷാപ്രശ്നത്തെക്കുറിച്ച് പൗലോസ് അറി ഞ്ഞതിനാൽ ഈ ലേഖനം എഴുതേണ്ടതായ ആവശ്യം വന്നു. ഈ സാഹചര്യത്തേയും നാം മനസ്സിലാക്കിയെങ്കിൽ മാത്രമേ ഈ വചനത്തിന്റെ യഥാർത്ഥ അർത്ഥം നമുക്ക് മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ. ഈ വിഷയത്തെക്കുറിച്ചും ഇതേ തുടർന്നുള്ള സംഭവത്തെക്കുറിച്ചും ഞാൻ എഴുതുന്ന ലേഖനത്തിൽ അവസാനഭാഗത്ത് വിശദീകരിക്കും. ഒരു വചനത്തിന്റെ അർത്ഥത്തെ എങ്ങനെ മനസ്സിലാക്കണം എന്ന് നിങ്ങൾ മനസ്സിലാക്കുവാൻ വേണ്ടിയാണ്. ഈ വചനത്തെ ഉദാഹരണമായി ഞാൻ എഴുതിയത്.
- ഇനി **അന്യഭാഷ** ഉണ്ടോ?
- **അന്യഭാഷ** നാം സംസാരിക്കാമോ?
- **അന്യഭാഷ** പരിശുദ്ധാത്മാവിന്റെ നിറവിന് അടയാളമായി കൊടുക്കപ്പെട്ടതാണോ?
- ഇനി എനിക്ക് **അന്യഭാഷ** വേണം എന്ന് അപേക്ഷിക്കാമോ?
- പരിശുദ്ധാത്മാവിനെ നിറവ് നമ്മിൽ ഉണ്ടോ ഇല്ലയോ എന്ന് എങ്ങനെ തിരിച്ചറിയുവാൻ സാധിക്കും?

## ഈ ചോദ്യങ്ങൾക്കുള്ള മറുപടി

1. **പരിശുദ്ധാത്മാവിനെ** നോക്കി പരിശുദ്ധാത്മാവേ ഞങ്ങളെ നിറയ്ക്കേണമേ എന്നു പ്രാർത്ഥിക്കാമോ.

**പരിശുദ്ധാത്മാവേ** വരണമേ എന്ന് പാസ്റ്ററോട് ചേർന്ന് സഭാമക്കളും പ്രാർത്ഥിക്കാമോ?

നാം പ്രാർത്ഥിക്കുമ്പോൾ **പരിശുദ്ധാത്മാവിനെ** അഭിസംബോധന ചെയ്ത് പ്രാർത്ഥിക്കാമോ?

ഇങ്ങനെയുള്ള പ്രത്യേക ചോദ്യങ്ങൾക്ക് മറുപടി അറിയുന്നതിന് മുൻപ്, പരിശുദ്ധാത്മാവിനെക്കുറിച്ചും പരിശുദ്ധാത്മാവിന്റെ **ആദ്യവരവിനെക്കുറിച്ചും പുതിയ നിയമസഭ** ആരംഭിച്ചതിനെക്കുറിച്ചും നാം ധ്യാനിക്കുവാൻ പോകുകയാണ്.

## ആദ്യമായി ഭാഷയുടെ ആരംഭത്തെക്കുറിച്ച് നമുക്കു ധ്യാനിക്കാം

ഉല്പ:11:1. ഭൂമിയിൽ എല്ലായിടത്തും ഒരു ഭാഷയും ഒരു സംസ്കാരവും മാത്രമാണ് ഉണ്ടായിരുന്നത്. ആദിയിൽ ദൈവം ആദമിനേയും ഹവ്വയേയും മാത്രം **ആണും പെണ്ണു**മായി സൃഷ്ടിച്ചു. അവിടെ **അവർ ദൈവത്തോടു സംസാരിച്ചു** എന്നു നാം വായിക്കുന്നു. ആ സമയത്ത് അവർ ദൈവത്തോട് **ഏത് ഭാഷയിലാണ്** സംസാരിച്ചത്. ഇതിന്റെ വിവരണം വേദപുസ്തകത്തിൽ എഴുതപ്പെട്ടിട്ടില്ല. അന്ന് ഹവ്വ വിലക്കപ്പെട്ട കനി ഭക്ഷിച്ചതുകൊണ്ട് ദൈവകോപത്തിനിരയായി **ദൈവമഹത്വം** അവർക്ക് എന്നേയ്ക്കുമായി നഷ്ടപ്പെട്ടു. അതുവരെയും ഏദെൻതോട്ടത്തിൽ ദൈവവുമായി ഉലാത്തികൊണ്ടിരിക്കുമ്പോൾ ദൈവമഹത്വത്തിൽ അവർ സംസാരിച്ചിരിക്കാം. ആ സംഭാഷണത്തിലെ വാക്കുകൾ എങ്ങനെ ആയിരുന്നിരിക്കാം എന്നു നമുക്ക് അറിയത്തില്ല. പിശാചും സ്വർഗ്ഗത്തിൽ ഉണ്ടായിരുന്നവനാണ്. നമുക്ക് വേലക്കാരയി സംരക്ഷിക്കുവാൻ ഉണ്ടാക്കപ്പെട്ടവനാണ് പിശാച്. അതുകൊണ്ട് മഹത്വത്തിന്റെ സംഭാഷണം

അവന് അറിയാം. ആ ഭാഷയിൽ പിശാച് ഹവ്വയോട് സംസാരിച്ചിരിക്കണം എന്നു നമുക്ക് ഊഹിക്കാം. പക്ഷേ, ഏദെൻ തോട്ടത്തിൽനിന്നും ആദമിനേയും ഹവ്വയേയും പുറത്താക്കിയശേഷം അവർ ഏതു ഭാഷയിലാണ് തമ്മിൽ തമ്മിൽ സംസാരിച്ചത് എന്നുള്ള ചോദ്യം നമുക്ക് ഉണ്ടാകും. ഭാഷാ പണ്ഡിതൻമാരുടെ ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ പുരാതന മനുഷ്യർ ശബ്ദം ഉണ്ടാക്കി അതിൻമൂലം ആശയവിനിമയം നടത്തിയിരിക്കാം. ഓരോരോ ശബ്ദത്തിനും ഓരോരോ അർത്ഥങ്ങൾ മനസ്സിലാക്കി തമ്മിൽ തമ്മിൽ പരിചയപ്പെടുവാൻ തുടങ്ങി. വർഷങ്ങൾക്കു മുൻപ് നമ്മുടെ ഇന്ത്യയിൽ സന്ദേശങ്ങൾ കൈമാറുവാൻ **ടെലഗ്രാം** ഉപയോഗിച്ചിരുന്നത് നമുക്കേവർക്കും അറിയാവുന്നതാണവല്ലോ? ടെലഗ്രാം വകുപ്പിൽ ജോലിചെയ്തിരുന്നവർ, അതുമുഖേന വരുന്ന സന്ദേസത്തിന്റെ കോഡുകൾ ശബ്ദത്തിനനുസരിച്ച് ABCD എന്നുള്ള അക്ഷരങ്ങളാക്കി മാറ്റി സന്ദേശങ്ങളെ ജനങ്ങളിൽ എത്തിക്കുമായിരുന്നു. ആദി മനുഷ്യരും മരങ്ങളിലും കല്ലുകളിലും പലരീതിയിൽ കൊട്ടി ശബ്ദം ഉണ്ടാക്കി പരസ്പരം ആശയവിനിമയം നടത്തിയിരുന്നു. അതേ രീതിയിലാണ് ഡോ. അലക്സാണ്ടർ ഗ്രഹാംബെൽ എന്ന ശാസ്ത്രജ്ഞൻ ടെലഗ്രാം കണ്ടുപിടിച്ചത്. ശബ്ദതരംഗങ്ങളിൽക്കൂടി കാര്യങ്ങൾ മനസ്സിലാക്കുന്നതിനു മുൻപ് ആംഗ്യങ്ങളിലൂടെയാണ് ആശയവിനിമയം നടത്തിയിരുന്നത്. ഇതിൽ നിന്നും കാലക്രമേണ ഭാഷയായി രൂപാന്തരപ്പെട്ടു. നമ്മുടെ വേദപുസ്തകത്തിൽ പറഞ്ഞപ്രകാരം ആദമും ഹവ്വയും വഴിയായി സന്തതികൾ വർദ്ധിച്ചു എന്നും തുടർന്നുള്ള അദ്ധ്യായങ്ങലിൽ കൂടി നാം വായിച്ചറിയുന്നു. ആ സന്തതികളെല്ലാവർക്കും ഒരേ ഭാഷയായിരുന്നു. ആ ഒരേ ഭാഷയാണ് ദൈവത്തിന്റെ പദ്ധതിയെ നശിപ്പിക്കുവാൻ കാരണമായത്.

## മനുഷ്യനെക്കുറിച്ച് ദൈവത്തിന്റെ ആരംഭപദ്ധതി

ദൈവം ആദാമും ഹവ്വയും വഴിയായി ഭൂമിയിൽ മനുഷ്യവർഗ്ഗത്തെ ഉണ്ടാക്കിയതിന്റെ ഉദ്ദേശ്യം, **ദൈവഭക്തിയുള്ള സന്തതികളെ ഉണ്ടാക്കി** അവർ **തന്നെമാത്രം** വണങ്ങി ആരാധിച്ച് സ്തുതിച്ച് ദൈവത്തെ മഹത്വപ്പെടുത്തണം

എന്നായിരുന്നു ദൈവത്തിന്റെ പദ്ധതി. അതു കൊണ്ടുതന്നെ മനുഷ്യനെ ദൈവം സൃഷ്ടിച്ചപ്പോൾ, നിങ്ങൾ പെറ്റുപരുകി **ഭൂമിയിൽ എല്ലായിടത്തും നിറയുവിൻ** എന്നു കൽപിച്ചത്. കാരണം ഭൂമി ദൈവത്തിന്റെ മഹത്വത്താൽ നിറഞ്ഞിരിക്കട്ടെ എന്ന് കർത്താവു പറഞ്ഞു (ഉല്പ:1:28). പക്ഷേ, ഈ ജനങ്ങളോ **ഭൂമിയിൽ എല്ലായിടത്തും** പോകാതെ, ഭൂമി ദൈവമക്കളെക്കൊണ്ടു നിറയണം എന്ന ചിന്ത ഇല്ലാതെ, **ഒരേ സ്ഥലത്തിൽ താമസിച്ച് ജീവിക്കുവാൻ ശ്രമിച്ചു.** ദൈവം പറഞ്ഞ വാക്കിന് എതിരായി അവർ പറഞ്ഞത് എന്തെന്നാൽ, നാം **ഭൂമിയെങ്ങും ചിതറിപോകാതെ വണ്ണം** നമുക്ക് **ഒരു പട്ടണത്തേയും** ആകാശമുട്ടെ ഉയരമുള്ള **ഒരു ഗോപുരത്തേയും** നമുക്കു പണിയാം എന്നു പറഞ്ഞ് തങ്ങളുടെ മഹത്വത്തിനായി പണിയുവാൻ തുടങ്ങി (ഉല്പ: 11:1–9). **ഇത് ദൈവത്തിന്റെ പദ്ധതിയെ തകർക്കുവാനുള്ള ശ്രമം ആകുന്നു.** അതുകൊണ്ടുതന്നെ ദൈവം കോപിച്ച് അവർ അതുവരെയും സംസാരിച്ചിരുന്ന ആ ഒറ്റ ഭാഷയെ പലഭാഷകളായി മാറ്റി അവർ തമ്മിൽ ആശയക്കുഴപ്പം ഉണ്ടാക്കി. അവരായിട്ടുതന്നെ **ഭൂമിയിലെങ്ങും ചിതറി ഓടിപ്പോയി**. ഭൂമിയുടെ അറ്റം വരെയും ഓരോ ഭാഷക്കാരായി ചിതറി പാർക്കപ്പെട്ടു. അങ്ങനെ ദൈവത്തിന്റെ പദ്ധതി നിറവേറ്റപ്പെട്ടു (ഉല്പ: 11:9).

- ദൈവം ആദമിനേയും ഹവ്വയേയും ഏദൻ തോട്ടത്തിൽ നിന്നും പുറത്താക്കിയതിനു ശേഷം ജനങ്ങൾ പെറ്റുപെരുകി ലോകമെങ്ങും നിറഞ്ഞു. ആരംഭകലത്ത് തന്നെ തങ്ങളുടെ സൃഷ്ടാവിനെ മറന്ന് പാപത്തിൽ ജീവിച്ചു. കർത്താവിന്റെ ക്ഷമയ്ക്കും ഒരു അതിരുണ്ട്. ഈ ജനങ്ങൾ നന്ദി ഇല്ലാത്തവരായി ജീവിച്ച് ദൈവത്തിന്റെ മനസ്സ് ദു:ഖിപ്പിച്ചു. ഒരു ഘട്ടത്തിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചതിൽ ദു:ഖിചതായി വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അതിനുശേഷം പാപം അതിരുകടന്നുപോയി. ദൈവത്തെമറന്നു ജീവിച്ച സകല മനുഷ്യരുടെ മേലും ദൈവത്തിന് വെറുപ്പ് ഉണ്ടായി. താൻ



ഉണ്ടക്കിയ പ്രപഞ്ചത്തേയും അതിലുള്ള മനുഷ്യരേയും നശിപ്പിക്കുവാൻ മഴയും വെള്ളപ്പൊക്കവും ഉണ്ടാക്കി. അതിൻമൂലം ഭൂമിയും അതിലുള്ള സകലചരാചരങ്ങളും വെള്ളത്തിനടിയിലായി. എന്നാലും മനസ്സലിവുള്ള ദൈവം തന്നെ യഥാർത്ഥമായി സ്നേഹിച്ച, വിഗ്രഹങ്ങളെ സേവിക്കാതെ തന്നെ മാത്രം. ആരാധിച്ച **നോഹയേയും കുടുംബത്തേയും** മാത്രം ജീവനോടെ രക്ഷിച്ചു. നോഹയുടെ കുടുംബത്തോടൊപ്പം താൻ സൃഷ്ടിച്ച സകല ജീവജാലങ്ങളിൽ നിന്നും ആണും പെണ്ണുമായി ഒരോ ജോഡികളേയുംനോഹയോടൊപ്പം പെട്ടകത്തിൽ കയറ്റി രക്ഷിച്ചു. ഇതാണ് ലോകത്തിലുണ്ടായ ആദ്യത്തെനാശം അതിന്റെ ശേഷം ജനങ്ങൾ വീണ്ടും പെറ്റു പെരുകി ഭൂമിയിൽ എല്ലായിടത്തും നിറഞ്ഞു. വീണ്ടും അവർ പാപം ചെയ്ത് നിയന്ത്രണമില്ലാതെ തമ്മിൽ തമ്മിൽ കലഹിച്ചു ജീവിച്ചു.

## ന്യായാധിപൻമാരുടെ കാലം

**യോശുവയുടെ** കാലത്തിൽ, അവൻ ജീവപര്യന്തം ജനങ്ങളെ വഴി നടത്തി. **യോശുവയുടെ** മരണശേഷം ജനങ്ങൾ വീണ്ടും പാപം ചെയ്ത് വിഗ്രഹങ്ങളെ ഉണ്ടാക്കി അതിനെ സേവിക്കുവാൻ തുടങ്ങി. പ്രശ്നങ്ങൾ വർദ്ധിച്ചു. യാതൊരു നിയന്ത്രണങ്ങളുമില്ലാതെ തമ്മിൽ തമ്മിൽ വഴക്കുണ്ടാക്കി ജീവിച്ചു. ഇവരെ നയിക്കുവാൻ ആരും ഇല്ലാത്ത സ്ഥിതിയിൽ ദൈവം ന്യായാധിപൻമാരെ എഴുന്നേൽപ്പിച്ചു എന്നു വേദപുസ്തകം (ന്യായ: 20:16) പറയുന്നു. അതു മുതൽ തുടങ്ങിയതാണ് ന്യായാധിപന്മാരുടെ കാലം. ന്യായാധിപൻമാരും തങ്ങളുടെ കടമകൾ മറന്ന് ജനങ്ങളോടൊപ്പം ചേർന്ന് ബാൽ വിഗ്രഹങ്ങളെ സേവിക്കുവാൻ തുടങ്ങി. ന്യായ: 21:25 ൽ പറയുന്നു. **'ആ കാലത്തു യിസ്രായേലിൽ രാജാവില്ലായിരുന്നു; ഓരോരുത്തൻ തനിക്ക് ബോധിച്ചതുപോലെ നടന്നു'.**

## രാജാക്കന്മാരുടെ കാലം

ലോകാരംഭം മുതൽ തന്നെ രണ്ടുവിധത്തിലുള്ള **വർഗ്ഗം** ജനങ്ങൾ ജീവിച്ചിരുന്നു (രണ്ടു ജാതികളല്ല രണ്ടു വർഗ്ഗം) **ഒരു വർഗ്ഗം**, യഹോവയെ മാത്രം ആരാധിക്കുകയും സേവിക്കുകയും ചെയ്യുന്ന വർഗ്ഗം. **രണ്ടാമത്തെ വർഗ്ഗം,**

വിഗ്രഹങ്ങളെ ആരാധിക്കുകയും സേവിക്കുകയും ചെയ്യുന്ന വർഗ്ഗം. കർത്താവ് യഹൂദന്മാരേയും യിസ്രായേൽ ജനങ്ങളേയും സ്നേഹിച്ച് അവർക്ക് എല്ലാ മഹത്വങ്ങളും കൊടുക്കുവാനുള്ള പ്രധാന കാരണം, അവർ വിഗ്രഹത്തെ വണങ്ങാതെ യഹോവയെ മാത്രം ആരാധിച്ചു ജീവിച്ചു. അതുകൊണ്ടാണ് കർത്താവ് യഹൂദന്മാരേയും യിസ്രായേലരേയും എന്റെ ജനം, എന്റെ മക്കൾ എന്ന് അഭിമാനത്തോടെ വിളിച്ചത്. ഇവർക്ക് ഉയർച്ചയും സമാധാനവും വർദ്ധിച്ചപ്പോൾ ദൈവത്തെ വെറുക്കുന്നത് ശീലമായി. വീണ്ടും വിഗ്രഹങ്ങളെ ആരാധിക്കുന്നത് ശീലമാക്കി. ആ സമയങ്ങളിലെല്ലാം ദൈവം കോപിക്കുമ്പോൾ ദൈവം തന്നെ അവരെ തങ്ങളുടെ ശത്രുക്കളുടെ കൈകളിൽ ഏൽപിക്കും, **ഫെലിസ്ത്യർ, അമോന്യർ** തുടങ്ങിയ ശത്രുക്കളുടെ കൈകളിൽ അവരെ ഏൽപ്പിച്ചു. അവരുടെ കൈകളിൽ ഏൽപ്പിക്കപ്പെടുമ്പോൾ അടിമകളായി വളരെയധികം പീഡനങ്ങൾ അനുഭവിച്ചു. ആ സമയത്ത് ജനങ്ങൾ മാനസാന്തരപ്പെട്ട് രക്ഷയ്ക്കായി ദൈവത്തെ നോക്കി നിലവിളിക്കുമ്പോൾ മനസ്സലിവുള്ള കർത്താവ് ഓരോ പ്രാവിശ്യവും വിടുവിച്ച് അവരെ രക്ഷപ്പെടുത്തും.

ഇങ്ങനെയുള്ള സാഹചര്യത്തിൽ തങ്ങളെ നയിക്കുവാൻ തങ്ങൾക്ക് ഒരു രാജാവിനെ വേണം എന്നു വാശിപിടിച്ചു. അങ്ങനെ ദൈവം രാജാക്കന്മാരെ അവരെ ഭരിക്കുവാൻ ഏൽപ്പിച്ചു. വേദപുസ്തകത്തിൽ പല രാജാക്കന്മാർ യിസ്രായേൽ ജനത്തെ പല കാലങ്ങളായി ഭരിച്ച് വഴി നടത്തി. ഇവിടെയും രാജാവും ദൈവത്തിന്റെ ആലോചനകൾക്ക് എതിരായി ജനങ്ങളോട് ചേർന്ന് പാപം ചെയ്ത് ദൈവത്തിന്റെ മനസ്സിനെ ദു:ഖിപ്പിച്ചു.

## പ്രവാചകൻമാരുടെ കാലം

ഈ സാഹചര്യത്തിൽ കർത്താവ് പ്രവാചകന്മാരെ എഴുന്നേൽപ്പിച്ച് രാജാക്കന്മാരെയും ജനങ്ങളേയും ഉപദേശിച്ചു നോക്കി. എന്നാൽ **രാജാക്കന്മാരും ജനങ്ങളും** വീണ്ടുംവീണ്ടും പാപം ചെയ്ത് ദൈവകോപത്തിന് അടിമകളായി. ദൈവം അത്ഭുതങ്ങളും അടയാളങ്ങളും നടത്തിയതും, ഫറവോന്റെ അടിമത്വത്തിൽ നിന്നും വിടുവിച്ച് വഴി നടത്തിയതും, **ശത്രുക്കളുടെ കൈയ്യിൽ നിന്ന് വിടുവിച്ചതും** എല്ലാം രാജാവും ജനങ്ങളും മറന്നു. ദൈവത്തിന് ഒട്ടും സഹിക്കുവാൻ കഴിയാത്ത സ്ഥിതി വന്നു. ആദ്യ പ്രാവിശ്യം പ്രപഞ്ചത്തിലെ സകല ചരാചരങ്ങളേയും വെള്ളത്താൽ നശിപ്പിച്ചതുപോലെ, ഇപ്രാവിശ്യം

ലോകത്തെ മുഴുവനും **അഗ്നിയാൽ** നശിപ്പിക്കുവാൻ തീരുമാനിച്ചു. **ഇതുതന്നെയാണ് ലോകത്തിന്റെ അവസാന നാശം**. അതിന്റെ ശേഷം ലോകം ഉണ്ടായിരിക്കയില്ല.

എന്നാലും മനസ്സലിവുള്ള കർത്താവ് ഞാൻ ആഗ്രഹത്തോടെ സൃഷ്ടിച്ച ജനത്തെ ഞാൻ തന്നെ എങ്ങനെ നശിപ്പിക്കും. താൻ ഉണ്ടാക്കിയ മനുഷ്യർ സ്വർഗ്ഗത്തിൽ തന്നോടുകൂടെ പാർക്കുവാൻ ദൈവം ആഗ്രഹിച്ചു. സ്വർഗ്ഗലോക നിയമപ്രകാരം, **പാപങ്ങൾ കഴുകപ്പെടാതെ** ആർക്കും സ്വർഗ്ഗ രാജ്യത്തിൽ പ്രവേശിക്കുവാൻ സാധ്യമല്ല. അതിനു വേണ്ടി കർത്താവു ചെയ്ത പദ്ധതിയാണ് **വിശുദ്ധ രക്തം കൊണ്ട് പാപം കഴുകപ്പെടണം എന്നത്.** എബ്രാ:9:22 പ്രകാരം, **രക്തം ചൊരിഞ്ഞല്ലാതെ വിമോചനമില്ല** എന്നു വേദപുസ്തകം പറയുന്നു. അതിനു **പരിശുദ്ധ രക്തം** തന്നെ ഭൂമിയിൽ ചിന്തപ്പെടണം. മനുഷ്യരക്തത്തിന് ജന്മപാപം ഉണ്ട്. അത് വിശുദ്ധമല്ല. **ദൈവം ഒരുവനല്ലാതെ വിശുദ്ധൻ ആരുമില്ല** എന്നു വേദപുസ്തകം പറയുന്നു. അങ്ങനെ ആയാൽ വിശുദ്ധ ദൈവം തന്നെ മനുഷ്യനായി ഭൂമിയിൽ വന്ന് **വിശുദ്ധരക്തം ചിന്തി** മനുഷ്യവർഗ്ഗത്തെ രക്ഷിക്കണം.

**സ്വർഗ്ഗത്തിന്റെ പദ്ധതി** പ്രകാരം ത്രീയേകദൈവത്തിൽ ഒരാളായ **മിശിഹ**യെ മനുഷ്യനായി ലോകത്തിൽ വരുവാൻ വേണ്ടി പുരുഷസ്പർശം ഏൽക്കാത്ത കന്യകയായ മറിയത്തിന്റെ ഗർഭപാത്രത്തിൽ പരിശുദ്ധാത്മാവിന്റെ നിറവിൽ **മിശിഹ** ഒരു മനുഷ്യനായി പിറന്നു. അവന് **യേശു** എന്നു പേരിട്ടു. **പിതാവിന്റെ പദ്ധതി പ്രകാരം യേശു കൊല്ലപ്പെട്ട് രക്തം ചിന്തണം**. ഈ രക്തം എനിക്കു വേണ്ടിയും ചിന്തപ്പെട്ടു എന്ന് ആർ വിശ്വാസത്തോടെ ഏറ്റുപറഞ്ഞ് മാനസാന്തരപ്പെടുമോ ആ നിമിഷത്തിൽ തന്നെ **പാപമോചനം** ലഭിക്കും. ഈ ദൈവം മനുഷ്യരുടെ മേൽചൊരിഞ്ഞ വലിയ **കൃപയാണ്** മിശിഹയുടെ ജനനം. അതുകൊണ്ടാണ് **ദൈവം മനുഷ്യരെ ഇത്രത്തോളം സ്നേഹിച്ചു** (യോഹ 3:16) എന്ന് വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.



# യേശുവിന്റെ വരവ്

മശിഹ ജനിച്ചു **യേശു** എന്ന പേരിലും **ഇമ്മാനുവേൽ** എന്ന് പിതാവ് വച്ച പേരിലും വളർന്നു. പിതാവിന്റെ പദ്ധതിയുടെ പൂർണതയെക്കുറിച്ചും ദൈവീക പദ്ധതിയെക്കുറിച്ചും ഉപദേശിച്ചു. മനുഷ്യൻ എങ്ങനെ ജീവിക്കണം എന്നുള്ള വിവരങ്ങളെ തന്റെ ജീവിതത്തിൽക്കൂടി ജീവിച്ചു കാണിച്ചു. പിതാവ് തന്നോട് പറഞ്ഞ സകലകാര്യങ്ങളെക്കുറിച്ചും ഉപദേശിച്ചു. അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു. കുഷ്ഠരോഗികളെ സൗഖ്യമാക്കി. മരിച്ചവരെ ജീവനോടെ എഴുന്നേല്പിച്ചു. അതു മുഖാന്തരം താൻ ആരാണെന്ന് ഉള്ള കാര്യത്തേയും, എന്തിനുവേണ്ടിയാണ് താൻ ഈ ഭൂമിയിൽ ജനിച്ചത്? അതിന്റെ ഉദ്ദേശ്യത്തേയും കുറിച്ച് വിവരിച്ച് ഉപദേശിച്ചു. താൻ കൊല്ലപ്പെടുവാൻ പോകുന്ന വിവരം നേരത്തെതന്നെ പദ്ധതിയിട്ടതുകൊണ്ട് ന്യായപ്രമാണ ഉപദേശത്തെ വ്യത്യാസപ്പെടുത്തി തന്റെ **സ്നേഹത്തിൽ അധിഷ്ഠിതമായ** ഉപദേശത്തെ ലോകമെങ്ങും പ്രചരിപ്പിക്കുവാൻ ശിഷ്യൻമാരെ തെരഞ്ഞെടുത്തു. **സഭയെ പണിയും** എന്നും അറിയിച്ചു. ഇത് പ്രധാന അറിയിപ്പാണ്. സഭയെ പണിയും എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം, ദൈവികപദ്ധതി പ്രകാരം ഭൂമി അഗ്നിയാൽ നശിപ്പിക്കപ്പെടുന്നതിനു മുൻപ് സഭാജനങ്ങളെ മാത്രം തന്നോടൊപ്പം ചേർത്തുകൊള്ളപ്പെടുവാൻ ദൂതൻമാരോടൊപ്പം യേശുക്രിസ്തു രണ്ടാം പ്രാവശ്യം ഇറങ്ങിവരുന്ന പദ്ധതി യേശുക്രിസ്തുവിന്റെ ഉള്ളത്തിൽ ഉണ്ടായിരുന്നു. യേശുക്രിസ്തുവിന്റെ ഉപദേശങ്ങളെ പ്രമാണിച്ച് സാക്ഷ്യജീവിതം നയിക്കുന്നവരെമാത്രം തന്നോടൊപ്പം സ്വർഗ്ഗത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകുക എന്നതാണ് ഈ രണ്ടാമത്തെ വരവിന്റെ ഉദ്ദേശ്യം.

സഭയെ മണവാട്ടി എന്നും യേശുക്രിസ്തുവിനെ മണവാളൻ എന്നും വേദപുസ്തകം പറയുന്നു. ഇവരുടെ വിവാഹം രണ്ടാമത്തെ വരവിൽ സംഭവിക്കും. അതിനു മുൻപ് മണവാട്ടിയെ വിവാഹനിശ്ചയം നടത്തുന്നതിന്റെ അടയാളമായി മണവാട്ടി സഭയ്ക്ക് മോതിരം ഇടുന്നതുപോലെ അച്ചാരമായി **പരിശുദ്ധാത്മാവി**നെ യേശുക്രിസ്തു അയയ്ക്കുന്നു. ഈ പ്രവചന വിവരത്തെ

നമ്മുടെ ബൈബിളിലെ ഉത്തമഗീതത്തിൽ സഭയെ മണവാട്ടിയായും ക്രിസ്തുവിനെ മണവാളനായിട്ടും സാദൃശ്യപ്പെടുത്തി എഴുതിയിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് മണവാട്ടി സഭയ്ക്ക് പരിശുദ്ധാത്മാവിനെ അടയാളചിഹ്നമായി യേശുക്രിസ്തുവിനാൽ കൊടുക്കപ്പെട്ടത്. നിശ്ചയം ചെയ്യാതെ കല്യാണംനടക്കത്തില്ല. നിശ്ചയം എന്ന വിവാഹത്തിനു മുൻപുള്ള ചടങ്ങിൽ ഇവൾ ഇവനുള്ളതാണ് എന്ന് ഉറപ്പാക്കുന്നു. "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരും" (യോഹ:14:18) എന്നും "എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേയ്ക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന്നു നിങ്ങൾക്കുതരും" (യോഹ:14:16) എന്നും യേശു  ക്രിസ്തു പറഞ്ഞു.

യേശു താൻ പറഞ്ഞപ്രകാരം സ്വർഗ്ഗാരോഹണം ചെയ്തശേഷം ത്രിയേകദൈവത്തിൽ മറ്റൊരു വ്യക്തിയായ പരിശുദ്ധാത്മാവിനെ നമ്മോടും നമ്മുടെ ഉള്ളിലും എന്നെന്നും പാർക്കുവാൻ വേണ്ടി പിതാവ് സഭയ്ക്ക് അയച്ചുതന്നിരിക്കുന്നു. ഇങ്ങനെ സഭാമക്കൾ പരിശുദ്ധാത്മാവിനാൽ നിറപ്പാക്കപ്പെടുന്ന ഏർപ്പാടിനെ യേശുക്രിസ്തു മശിഹയായി ജനിക്കുന്നതിനുമുൻപേ, പിതാവായ യോവേൽ പ്രവാചകനിലൂടെ പ്രവചിച്ചത് സംഭവിച്ചു. "സകല ജഢത്തിൻമേലും ഞാൻ എന്റെ ആത്മാവിനെ പകരും" (യോവേൽ:2:28,29) എന്ന് അവിടെ രേഖപ്പെടുത്തിയിരിക്കുന്നു.

## പെന്തെക്കോസ്ത് ദിവസം

മുകളിൽ വിവരിച്ച സംഭവങ്ങളുടെ അടിസ്ഥാനത്തിൽ യേശുക്രിസ്തു തന്റെ ശിഷ്യൻമാരോട് ഞാൻ പറഞ്ഞ ഈ പരിശുദ്ധാത്മാവിനെ നിങ്ങളുടെ മേൽ അയക്കുന്നതുവരെ സുവിശേഷവേല ഒന്നും ചെയ്യാതെ യരുശലേമിൽ കാത്തിരിക്കണം എന്നുപറഞ്ഞ് സ്വർഗ്ഗാരോഹണം ചെയ്തു. യേശു തെരഞ്ഞെടുത്ത പന്ത്രണ്ടുശിഷ്യൻമാരോട് മറ്റ് ശിഷ്യൻമാരും ചേർന്നു മൊത്തം നൂറ്റിഇരുപതുപേർ യരുശലേമിൽ ഒരു മാളികമുറിയിൽ പരിശുദ്ധാത്മാവിനുവേണ്ടി കാത്തിരുന്നു.

## തെറ്റിദ്ധാരണ

(ഇന്നു പല പെന്തക്കോസ്തുസഭക്കാരും പരിശുദ്ധാത്മാവിനുവേണ്ടി കാത്തിരിക്കണം എന്ന് പറഞ്ഞ് ആഴ്ചതോറും ഒരു ദിവസം കാത്തിരിക്കുന്നു. ഇത് തെറ്റാണ്. **വചനത്തിന്റെ അടിസ്ഥാനത്തിൽ സഭാമക്കൾ രക്ഷയുടെ അനുഭവത്തിൽ വരുമ്പോൾ തന്നെ അവരുടെ ഉള്ളിൽ പരിശുദ്ധാത്മാവ് പ്രവേശിച്ചു കഴിഞ്ഞു. (എഫെ:1:13).** അതുകൊണ്ട് പരിശുദ്ധാത്മാവിന്റെ മറ്റൊരു വരവിന് കാത്തിരിക്കേണ്ട ആവശ്യം ഇല്ല.

**പെന്തെക്കോസ്ത്** എന്നുപറയപ്പെടുന്നത് ഒരു സഭയുടെ പേരല്ല. യഹൂദൻമാർ വർഷത്തിൽ ഒരിക്കൽ ആഘോഷിക്കുന്ന പെസഹാ പെരുന്നാളിന്റെ അമ്പതാമത്തെ ദിവസമാണ് പെന്തെക്കോസ്ത് എന്ന് വേദപുസ്തകം പറയുന്നു. (അതുകൊണ്ട്, ഒരു സഭയ്ക്ക് പെന്തക്കോസ്ത് സഭ എന്നു പേരിടുന്നത് യോജിച്ചതല്ല).

പെസഹ പെരുന്നാൾ എന്നത് യഹൂദൻമാരുടെ പ്രധാന പെരുന്നാളാണ്. ഈ പെരുന്നാൾ ആഘോഷിക്കുവാൻ വേണ്ടി ലോകത്തിലെ എല്ലാ ഭാഗങ്ങളിലും ഉള്ള യഹൂദന്മാർ യരുശലേമിൽ ഒത്തുചേരും. ബാബേൽഗോപുര നിർമ്മിതിയാൽ അന്ന് ഭാഷയുടെ അടിസ്ഥാനത്തിൽ ചിതറപ്പെട്ട ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ഉള്ള യഹൂദൻമാർ യരുശലേമിൽ ഒത്തുചേരും. അവരോട് ഒപ്പം പല ദേശ ക്കാരും യരുശലേമിലെ ഈ ആഘോഷത്തിന് വന്നുചേരും.

### അന്നു നടന്ന മൂന്നു പ്രധാന സംഭവങ്ങളും അതിന്റെ വിവരങ്ങളും

പരിശുദ്ധാത്മാവിന്റെ ആദ്യവരവിൽ ലോകചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട മൂന്നു പ്രധാനസംഭവങ്ങൾ

1) കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തുനിന്നുള്ള മുഴക്കം.

2) അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ.

3) പലഭാഷകളിലുള്ള സംസാരം.

### 1. കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തുനിന്നുള്ള മുഴക്കം

മാളികയിൽ പരിശുദ്ധാത്മാവിനുവേണ്ടി കാത്തിരുന്ന ആ 120 പേരും യേശുക്രിസ്തുപറഞ്ഞ പരിശുദ്ധാത്മാവ് ഇനിയും വന്നില്ലായെന്നും പറഞ്ഞ് വളരെ ആകാംക്ഷയോടെ കാത്തിരുന്നു. അപ്പോഴാണ് കർത്താവ് അരുളി ചെയ്തതുപോലെ പരിശുദ്ധാത്മാവ് അവരുടെ ഇടയിൽ ഇറങ്ങിവന്നത്. അവരെ ഉണർത്തുവാൻ വേണ്ടിയാണ് കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തു നിന്നുള്ള മുഴക്കം ഉണ്ടായത്. കാറ്റ് പരിശുദ്ധാത്മാവിന്റെ അടയാളമായി നാം പഴയനിയമത്തിൽ വായിക്കുന്നു.

ഈ കാറ്റും മുഴക്കവും ശിഷ്യൻമാരെ ഉണർത്തിയതു മാത്രമല്ല, അന്ന് യരുശലേമിൽ ലോകത്തിലെ പല ഭാഗങ്ങളിൽ നിന്നും വന്ന് ഉറങ്ങിക്കൊണ്ടിരുന്നവരെ ഞെട്ടിച്ചുകൊണ്ട് മുഴക്കം വന്ന സ്ഥലത്ത് എല്ലാവരും ഓടിവന്ന് കൂട്ടിച്ചേർക്കപ്പെടുവാൻ ഈ കാറ്റിന്റെ മുഴക്കം പ്രയോജനപ്പെട്ടു. അങ്ങനെ കൂട്ടിചേർക്കപ്പെട്ടവരോട് മശിഹ വന്നു എന്നുള്ള സദ്വാർത്ത അറിയിക്കുന്നതിനായിട്ടാണ് കർത്താവ് ഈ മുഴക്കത്തെ ഉണ്ടാക്കിയത്. ഈ മുഴക്കത്തിന്റെ ഉറവിടം കണ്ടെത്താനായി എല്ലാവരും ആ മാളികയുടെ മുന്നിൽ ആകാംഷയോടെ കൂടിനിന്നു.

### 2. അഗ്നി ജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ:

മാളികയുടെ മുന്നിൽ എല്ലാവരും ഒത്തുകൂടി എന്ന് അറിഞ്ഞ ഉടനെ മാളിക മുറിയിൽ പ്രാർത്ഥിച്ചു കൊണ്ടിരുന്ന 120 പേരും പുറത്തു വന്നു നിന്നു. അപ്പോഴാണ് ഈ മറ്റൊരു അത്ഭുതകാഴ്ച്ച കാണുന്നത്. പരിശുദ്ധാത്മാവ് അഗ്നിമയമായ തീനാളത്തോടെ 120 പേരുടെയും തലയ്ക്കു മുകളിൽ ജ്വാലയായിഎരിയുന്നത് കണ്ടു. പക്ഷേ അവരുടെ തലമുടി കരിഞ്ഞിട്ടില്ല. തങ്ങളുടെ പൂർവ്വ പിതാക്കന്മാർ കാലാകാലങ്ങളായി തങ്ങൾ കണ്ടകാര്യങ്ങളെ അറിയിച്ചത് തങ്ങൾക്കും ഇപ്പോൾ കാണുവാൻ ഇടയായി. ദൈവം മോശെയോട് മുൾപ്പടർപ്പിൽ തീയായി സംസാരിച്ച കാര്യം തങ്ങളുടെ പൂർവ്വ പിതാക്കന്മാർ അറിയിച്ചത് അവർക്ക് ഓർമ്മയിൽ വന്നു. അന്നും ആ മുൾച്ചെടി തീയിൽ കരിഞ്ഞിട്ടില്ല.

ഈ കാഴ്ച്ചയാൽ അവിടെ കൂടിവന്ന വിവിധ ഭാഷക്കാർക്കും ദേശക്കാർക്കും, ഈ 120 പേരും നമ്മുടെ ദൈവത്താൽ തെരഞ്ഞെടുത്ത് അഭിഷേകം ചെയ്യപ്പെട്ട ദൈവത്തിന്റെ മക്കളാണെന്ന കാര്യം ബോധ്യമായി.

**3. പല ഭാഷകളിലുള്ള സംസാരം**

ഇപ്പോൾ മറ്റൊരു അതിശയം സംഭവിച്ചു. ഈ 120 പേരും ഗലീലക്കാരും എബ്രായ ഭാഷ സംസാരിക്കുന്നവരുമാണ്. പക്ഷേ, ഈ 120 പേരും വായ് തുറന്നപ്പോൾ പുറത്തു വന്നത് പല പല ഭാഷകളാണ്. എന്നാൽ ഈ 120 പേർക്കും അവരുടെ വായിൽ നിന്നും പുറപ്പെട്ട ഭാഷ ഏതാണെന്ന് അറിയില്ല. പക്ഷേ അവരുടെ മുന്നിൽ കൂടി വന്ന എല്ലാ ജനങ്ങൾക്കും അവർ സസാരിച്ച ഭാഷ മനസ്സിലായി. ഓരോരുത്തരും തങ്ങളുടെ ഭാഷയിൽ ഇവർ സംസാരിക്കുന്നത് കേട്ട് അതിശയിച്ചു. ഇവിടെ കൂടി വന്നിരിക്കുന്ന ഓരോരുത്തരുടെയും ഭാഷയിൽ ഇവർക്ക് എങ്ങനെ സംസാരിക്കുവാൻ കഴിഞ്ഞു എന്നത് എല്ലാവരിലും അതിശയം ഉളവാക്കി.

- **ഇവിടെ നാം ശ്രദ്ധിക്കേണ്ടത്:-** ഈ 120 പേരും സംസാരിച്ച ഭാഷകളുടെ അർത്ഥം ഈ ജനങ്ങൾക്ക് മനസ്സിലായി. അതതു ഭാഷ സംസാരിക്കുന്നവർ അവിടെ നിന്നുകൊണ്ടുതന്നെ ശ്രദ്ധിക്കുന്നു. ഇതിനെയാണ് പൗലോസ് അപ്പോസ്തലൻ 1 കോരി: 14:8–10 വചനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ലോകത്തിൽ ഭാഷകൾ അനവധി ഉണ്ട്, അതിനെല്ലാം അർത്ഥവും ഉണ്ട് എന്ന്.

- ഇപ്പോഴുള്ള പെന്തക്കോസ്ത് സഭാവിശ്വാസികളും പാസ്റ്റർമാരും അന്യഭാഷ എന്ന പേരിൽ സംസാരിക്കുന്നത് ഒരു ഭാഷയേ അല്ല. അത് പരിശുദ്ധാത്മാവ് സംസാരിപ്പിക്കുന്നതും അല്ല. ഇത് ഞാൻ വെറുതെ പറയുന്നതല്ല. പല വർഷങ്ങൾ, പല പെന്തക്കോസ്തു സഭകളിലും പോയി, പാസ്റ്റർമാർ മുതൽ സഭാജനങ്ങൾ വരെ സംസാരിച്ചത് റിക്കാർഡ് ആക്കി, ഇന്ത്യയിലുള്ള സഭകൾ മാത്രമല്ല വിദേശങ്ങളിലുള്ള പെന്തക്കോസ്തു സഭകളി

ലേയും സംസാരങ്ങൾ റെക്കാർഡ് ചെയ്ത് അതെല്ലാം ഭാഷാ വിദഗ്ദ്ധ ന്മാരെ കേൾപ്പിച്ച് അത് ഭാഷയല്ല എന്നു ഉറപ്പാക്കിയതു മാത്രമല്ല, കേരള ത്തിലും തമിഴ്നാട്ടിലും ഉള്ള അന്യഭാഷ സംസാരിക്കുന്ന പെന്തക്കോസ്ത് പാസ്റ്റർമാരുടെ ജീവിത ശൈലി കണ്ടറിഞ്ഞശേഷം, എന്റെ വ്യക്തിപര മായ പ്രാർത്ഥനയിൽ പരിശുദ്ധാത്മാവിന്റെ സഹായത്താൽ ഈ ഭാഷ കളെ വിവേചിച്ചറിയുവാൻ ഉള്ള കൃപ കിട്ടിയതു കൊണ്ടാണ് ഞാൻ ഈ വിവരങ്ങളെ തുറന്നെഴുതുന്നത്.

- ☐ മാളികയിൽ നിന്നും സംസാരിച്ച 120 പേരുടേയും സംസാരങ്ങളിൽ സഭാ വാർത്തകളും അതിനെല്ലാം അർത്ഥങ്ങളും ഉണ്ടായിരുന്നു. അപ്പൊ:2:11 ൽപറയുന്നത്, അവിടെ കൂടി വന്ന വിവിധ ഭാഷക്കാർ പറയുന്നത് ശ്രദ്ധി ക്കണം. ഒന്ന്, ഇവർ ഗലീലക്കാരാണ്. **നമ്മുടെ ജനിച്ച ഭാഷയിൽ** തന്നെ ഇവർ സംസാരിക്കുന്നത് നമുക്കു കേൾക്കുവാൻസാധിക്കുന്നല്ലോ എന്ന്. "യഹൂദന്മാരും യഹൂദ മതാനുസാരികളും ക്രേത്യരും അറബിക്കാരുമായ നാം ഈ നമ്മുടെ ഭാഷകളിൽ അവർ **ദൈവത്തിന്റെ വൻകാര്യങ്ങളെ** പ്രസ്താവിക്കുന്നതു കേൾക്കുന്നുവല്ലോ എന്നു പറഞ്ഞു" (അപ്പൊ:2:11) എല്ലാവരും ഭ്രമിച്ചു ചഞ്ചലിച്ചു. രണ്ട്, അവർ (120 പേർ) ദൈവത്തിന്റെ വൻ കാര്യങ്ങളെ പ്രസ്താവിക്കുന്നതു കേൾക്കുന്നുവല്ലോ എന്ന് എല്ലാ വരും ഭ്രമിച്ചു ചഞ്ചലിച്ചു എന്നാണ് എഴുതിയിരിക്കുന്നത്. ഇതിനെ ഇംഗ്ലീ ഷിൽ Mightv Miracles of God എന്ന് എഴുതിയിരിക്കുന്നു. അതിന്റെ അർത്ഥം പൂർവ്വ പിതാക്കന്മാരുടെ കാലത്തിൽ കർത്താവു ചെയ്ത അത്ഭുതങ്ങൾ അടയാളങ്ങൾ കർത്താവ് തന്റെ മക്കളെ അടിമത്വത്തിൽ നന്നും വിടുവി ച്ചത്, സമുദ്രത്തെ രണ്ടായി പിളർന്ന് തന്റെ മക്കളെ രക്ഷപ്പെടുത്തിയത്, അതേ സമയം, അതേ വെള്ളത്തിൽ ശത്രുവിനെ ഉൻമൂലനാശം ചെയ്തത്, ആകാശത്തുനിന്നും മന്നയും കാടയും വർഷിപ്പിച്ച് ജനങ്ങളെ വഴി നട ത്തിയത്, താൻ സ്നേഹിക്കുന്ന മക്കൾക്കു വേണ്ടി കർത്താവു തന്നെ യുദ്ധം ചെയ്ത് ജനങ്ങളെ സഹായിച്ച്, പാലും തേനും ഒഴുകുന്ന കനാൻ ദേശത്ത് കൊണ്ടു വന്ന് പാർപ്പിച്ചത്. അതിനുമുൻപ് വെള്ളത്തിനാൽ

ലോകത്തെ മുഴുവൻ നശിപ്പിച്ച് തന്നെ മാത്രം ആരാധിച്ചു സ്നേഹിച്ച കുടുംബത്തെ മാത്രം ഒരു പെട്ടകം ഉണ്ടാക്കി അവരെ അതിൽ ആക്കി സന്തതികളെ പ്രസവിച്ച് തലമുറകളെ സൃഷ്ടിച്ച് തന്റെ ജനങ്ങളെ സംരക്ഷിച്ചത് ഇങ്ങനെയുള്ള തങ്ങളുടെ പൂർവ്വികരിൽ നിന്നും അറിഞ്ഞ ദൈവമഹത്വങ്ങളെ ഇവരുടെ വായ്മൊഴിയായി അവരവരുടെ ഭാഷകളിൽ സംസാരിച്ച് മനസ്സിലാക്കിയത്, ഇവയെല്ലാമാണ് അവിടെയുണ്ടായിരുന്ന വിവിധ ഭാഷക്കാർ കേട്ടത്.

- ഈ ചിതറപ്പെട്ട ബാബേൽ ഗോപുരം പണിത ജനങ്ങൾക്ക് ദൈവം ചെയ്ത ഈ അത്ഭുതങ്ങളെക്കുറിച്ച് എങ്ങനെ അറിയാം? എന്നുള്ള ചോദ്യങ്ങൾ നമുക്കുണ്ടാകുന്നല്ലോ? ഇവരുടെ പൂർവ്വികൻമാർ തങ്ങളുടെ പതിവു പ്രകാരം ഓരോ വർഷവും പെസഹപെരുന്നാളിനു യരുശലേമിൽ വരുമ്പോൾ , തങ്ങളുടെ സന്തതിമാർക്ക്, തലമുറതലമുറകളായി കൈമാറിയിട്ടുള്ള ദൈവികമഹത്വത്തിന്റെ ചരിത്രങ്ങൾ കേട്ടറിഞ്ഞ് തങ്ങളുടെ തലമുറകൾക്കും അവരുടെ സന്തതികൾക്കും മറക്കാതെ പറഞ്ഞുകൊടുക്കുന്നത് അവരുടെ ശീലമാണ്.

40 വർഷ മരുഭൂമിയാത്രയിൽ തങ്ങളുടെ കാലുകൾക്ക് ശക്തിപകരുവാൻ ദൈവത്തിന്റെ അത്ഭുതങ്ങളെല്ലാം പാട്ടു രൂപത്തിൽ പാടിക്കൊണ്ടായിരുന്നു അവർ യാത്ര ചെയ്തിരുന്നത്. അതെല്ലാം തങ്ങളുടെ വരും തലമുറകൾക്കും മറക്കാതെ പറഞ്ഞു കൊടുക്കും. അങ്ങനെ പറഞ്ഞു കൊടുത്ത ദൈവമഹത്വത്തിന്റെ വിവരങ്ങൾ ഗലീലക്കാരായ ഇവർക്ക് എങ്ങനെ അറിയാം? അങ്ങനെ ആയാൽ ഇവർ എല്ലാവരും നമ്മുടെ വർഗ്ഗത്തിൽ ചേർന്നവരാണ് എന്ന് തങ്ങൾക്കുള്ളിൽ ഉറപ്പാക്കി. ഇനി ഇവർ എന്താണ് പറയാൻ പോകുന്നതെന്ന് നമുക്ക് ശ്രദ്ധിക്കാം എന്നു പറഞ്ഞു. അപ്പോൾ അപ്പോസതലനായ പത്രോസ് പ്രസംഗിക്കുവാൻ തുടങ്ങി. എങ്ങനെയാണ് ഞങ്ങൾക്ക് നിങ്ങൾ ഓരോരുത്തരുടെയും ഭാഷയിൽ സംസാരിക്കുവാൻ സാധിക്കുന്നു എന്ന് നിങ്ങൾ അതിശയിക്കാം. സംഭവിച്ച ഭയങ്കര കാറ്റും മുഴക്കവും തലയ്ക്കുമേൽ

തീനാളം കത്തിയത് ഇതെല്ലാം പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. നിങ്ങൾ അറിഞ്ഞ പ്രകാരം അനേകം വർഷങ്ങൾക്കു മുമ്പ് യോവേൽ പ്രവാചകൻ മുഖാന്തരം കർത്താവ് നൽകിയ പരിശുദ്ധാത്മാവിന്റെ പ്രവർത്തിയാണ് ഞങ്ങൾ പല ഭാഷകളിൽ സംസാരിച്ച അത്ഭുതത്തിന്റെ കാരണം. ഇപ്പോൾ നിങ്ങൾ കണ്ടുകൊണ്ടിരിക്കുന്ന അത്ഭുതങ്ങളെല്ലാം നിങ്ങളും ഞാനും ആരാധിക്കുന്ന പിതാവായ ദൈവം (യാവേ) നമ്മെ പാപത്തിൽ നന്നും രക്ഷപ്പെടുത്തുവാൻ വേണ്ടി പിതാവിനാൽ അയയ്ക്കപ്പെട്ട നസ്രയനായ യേശു ക്രിസ്തുവിനെക്കൊണ്ട് ദൈവം നിങ്ങളുടെ മദ്ധ്യേ അടയാളങ്ങളും അത്ഭുതങ്ങളും നടത്തി യേശുക്രിസ്തുവിനെ നിങ്ങൾക്ക് പരിചയപ്പെടുത്തുവാൻ വേണ്ടി ഞങ്ങൾ മുഖാന്തരം വെളിപ്പെടുത്തിയതാണ്. പക്ഷേ ആ യേശു നടത്തിയ അത്ഭുതങ്ങളെയും അറിഞ്ഞിട്ടും നിങ്ങൾ അവരെ പിതാവ് അയച്ച മശിഹാ എന്ന് സ്വീകരിക്കാതെ അവനെ ക്രൂശിച്ചു കൊന്നു. ആ യേശുവിനെയാണ് പിതാവ് ജീവനോടെ എഴുന്നേൽപ്പിച്ച് ഇപ്പോഴും സ്വർഗ്ഗത്തിൽ തന്റെ വലത്തു ഭാഗത്തിൽ ഇരിക്കുവാൻ ഉള്ള അവകാശം കൊടുത്തത്. നമ്മുടെ പിതാക്കന്മാർ മരിച്ചു നാം അറിഞ്ഞ ദാവീദും മരിച്ചു. അവരുടെ എല്ലാ കല്ലറകളും ഇവിടെ യരുശലേമിനു ചുറ്റും നിങ്ങൾ കാണുന്നുവല്ലോ? പക്ഷേ പിതാവ് അയച്ച മശിഹ ആയ യേശു ക്രിസ്തുവും മരിച്ചു. പക്ഷേ ഇപ്പോഴും അവൻ ജീവിച്ചിരിക്കുന്നു. അതിന് ഉള്ള അടയാളം യേശുക്രിസ്തുവിനെ വച്ച കല്ലറ ഇപ്പോഴും കാലിയായിട്ട് ഇരിക്കുന്നു.

യേശു ക്രിസ്തു ജീവനോടെ ഉയർത്തതും ഇപ്പോഴും ജീവനോടെ ഇരിക്കുന്നതും ആ യേശുവിനെ മുഖാമുഖമായി കണ്ട ഞങ്ങൾ എല്ലാവരും സാക്ഷികളാണ്. അതുകൊണ്ട് നിങ്ങൾ ക്രൂശിച്ച ആ യേശുവിനെ ദൈവം രക്ഷകനും ക്രിസ്തുവും ആക്കി എന്നത് നിങ്ങൾ അറിയണം എന്നുള്ള നല്ല സുവിശേഷ വാർത്തകളെ പത്രോസ് പ്രസംഗിച്ചു.

ആ പ്രസംഗത്തെ കേട്ട അവിടെ കൂടിയിരുന്ന 16 ഭാഷക്കാരും ഹൃദയത്തിൽ കുത്തുകിട്ടിയവരായി മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിനെ

ദൈവമായി സ്വീകരിച്ചു. ഇനി ഞങ്ങൾ എന്തു ചെയ്യണം എന്നു ചോദിച്ച അവർക്ക് ജ്ഞാനസ്നാന ആലോചനയും ലഭിച്ചു അന്നത്തെ, പത്രോസിന്റെ ആദ്യത്തെ പ്രസംഗം കേട്ട് മൂവായിരത്തോളംപേർ ക്രിസ്തുവിനെ തങ്ങളുടെ രക്ഷകനായി സ്വീകരിച്ചു. ഈ മൂവായിരം പേരെ വച്ചുതന്നെ ആദ്യത്തെ പുതിയ നിയമസഭ സ്ഥാപിക്കപ്പെട്ടു.

അന്ന് യേശുക്രിസ്തു പത്രോസിനോട് പറഞ്ഞതിൻ പ്രകാരം, നിന്നിലൂടെ ഞാൻ സഭയെ സ്ഥാപിക്കും എന്ന സത്യം നിറവേറി, ഇതിനുശേഷം ഉള്ള സഭാചരിത്രങ്ങളെ ഇതുവായിക്കുന്ന എന്റെ വായനക്കാർ അപ്പോസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ നിന്നും വായിച്ച് മനസ്സിലാക്കുക.

- ☐ ഇപ്പോൾ ***Dr.*** പുഷ്പരാജ് ആയ ഞാൻ എഴുതുന്ന പ്രശ്നം എന്തെന്നാൽ, മുകളിൽ ആരംഭിക്കപ്പെട്ട ക്രിസ്തീയ സഭയ്ക്കും ഇപ്പോഴുള്ള നമ്മുടെ സഭയ്ക്കും അന്യഭാഷ ആവശ്യമാണോ? പരിശുദ്ധാത്മാവിന്റെ നിറവിന് അന്യഭാഷ അടയാളമാണോ? എന്നതാണ് നമ്മുടെ ചിന്താവിഷയം.
- ☐ അന്യഭാഷ ഉണ്ടോ ഇല്ലയോ?
- ☐ അന്യഭാഷയെ ***Dr.*** പുഷ്പരാജ് ആയ നിങ്ങൾ വിശ്വസിക്കുന്നുവോ?
- ☐ ഈ കാലത്തിൽ അന്യഭാഷ ഉണ്ടോ?

ഇങ്ങനെയുള്ള പല ചോദ്യങ്ങളും പല വർഷങ്ങളായി ഞാൻ കേട്ടുകൊണ്ടിരിക്കുന്നു. അന്യഭാഷയെക്കുറിച്ച് വിശദീകരിച്ച് എഴുതുന്നതിനു മുൻപ് വലിയൊരു മുന്നറിയിപ്പ് നാം അറിയേണ്ടതുണ്ട്. ഈ മുന്നറിയിപ്പ് പെന്തക്കോസ്ത് പാസ്റ്റർമാർക്കും സഭാജനങ്ങൾക്കും ഇതെഴുതുന്ന ***Dr.*** പുഷ്പരാജ് ആയ എനിക്കും ഒരുപോലെ ബാധകമാണ്.

“മനുഷ്യരോടു സകല പാപങ്ങളും അവർ ദുഷിച്ചുപറയുന്ന സകല ദൂഷണങ്ങളും ക്ഷമിക്കും; പരിശുദ്ധാത്മാവിന്റെ നേരെ ദൂഷണം പറയുന്നവനോ

ഒരുനാളും ക്ഷമകിട്ടാതെ നിത്യശിക്ഷയ്ക്കു യോഗ്യനാകും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മർക്കൊ:3:28,29; മത്താ:12:31,32; ലൂക്കോ:12:10)

(ജാമക്കാരന്റെ കുറിപ്പ്):- അന്യഭാഷ എന്ന പ്രധാന വിഷയത്തെക്കുറിച്ച് തെറ്റായി ഞാൻ എഴുതിയാലും ഞാൻ എഴുതുന്ന വ്യാഖ്യാനം പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നതായി ഉണ്ടായാലും അതിന്റെ ശിക്ഷ ***Dr.*** പുഷ്പരാജ് ആയ ഞാൻ അനുഭവിക്കേണ്ടിവരും.

- ☐ പെന്തെക്കോസ്ത് സഭാ പാസ്റ്റർമാരോ പ്രാസംഗികരോ അന്യഭാഷയെക്കുറിച്ചും പരിശുദ്ധാത്മാവിനെക്കുറിച്ചും തെറ്റായി സഭാജനങ്ങൾക്കും മറ്റുള്ളവർക്കും ഉപദേശിക്കുമെങ്കിൽ ഇതേ വചനത്തിൽ പറയുന്ന ശിക്ഷ തീർച്ചയായും അവർക്കും കിട്ടും.
- ☐ വചന അടിസ്ഥാനത്തിൽ ഇല്ലാത്ത നിങ്ങളുടെ സ്വന്ത അനുഭവങ്ങളെ ദയവായി നിങ്ങൾ ഉപദേശിക്കരുത്. അനുഭവങ്ങൾ ഉപദേശമാക്കുവാൻ പാടില്ല.
- ☐ ഇനിയാണ് വചന അടിസ്ഥാനത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ചും അന്യഭാഷയെക്കുറിച്ചും വിശദമായി എഴുതുവാൻ പോകുന്നത്.
- ☐ ഞാൻ എഴുതിയ, ഇനി എഴുതുവാൻ പോകുന്ന പ്രധാന വിഷയത്തിൽ നിങ്ങൾക്ക് ആർക്കെങ്കിലും അഭിപ്രായവ്യത്യാസം ഉണ്ടെങ്കിൽ അക്കാര്യം ദയവായി എന്നെ എഴുതി അറിയിക്കണം. തെറ്റുണ്ടെങ്കിൽ നിങ്ങൾ അത് ചൂണ്ടിക്കാണിക്കുമ്പോൾ അത് എനിക്ക് തിരുത്തുവാനും വായനക്കാരെ അറിയിക്കുവാനും ഏറെ പ്രയോജനകരമായിരിക്കും.
- ☐ നിങ്ങൾ എഴുതുമ്പോൾ നിങ്ങളുടെ പൂർണ്ണമായമേൽ വിലാസവും ഫോൺ നമ്പരും കൂടി എഴുതി അറിയിക്കണം.
- ☐ വിലാസം അറിയിക്കുവാൻ താൽപര്യം ഇല്ലാത്തവർ **ഊമക്കത്തായി**ട്ടും എനിക്ക് എഴുതാം. എന്നാൽ അതിന് മറുപടി ലഭിക്കുന്നതല്ല.

അന്യഭാഷയെ സംബന്ധിച്ചുള്ള പ്രധാന വിഷയങ്ങൾ നിങ്ങൾക്ക് തുടർന്ന് അടുത്തലക്കം ജാമക്കാരനിൽ വായിക്കാം.

## പ്രത്യേക അറിയിപ്പ്

2019 ജൂലൈ ലക്കം ജാമക്കാരനിൽ "ആനക്കട്ടി ട്രൈബൽ മിഷൻ ആശുപത്രിയിൽ നടന്ന അത്ഭുതം" എന്ന തലക്കെട്ടിൽ എഴുതപ്പെട്ട വിവരണങ്ങളും, ഒരു ആദിവാസി യുവതിയുടെ പ്രസവത്തോടനുബന്ധിച്ച് ഉണ്ടായ അനുഭവങ്ങളും അത്ഭുതങ്ങളും, സാമ്പത്തിക ബുദ്ധിമുട്ടിനാൽ ആശുപത്രിയുടെ സുഗമമായ നടത്തിപ്പിനുള്ള തടസ്സങ്ങളും വായിച്ചറിഞ്ഞ ജാമക്കാരൻ വായനക്കാരായ ഇന്ത്യയിലും വിദേശങ്ങളിലും ഉള്ള അനേകർ സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തുകൊണ്ട് എഴുതിയിരുന്നു. ഇങ്ങനെ സഹായം വാഗ്ദാനം ചെയ്ത വായനക്കാരുടെ അറിവിലേക്കായി ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ട്രൈബൽ മിഷന്റെ മിഷനറിപ്രവർത്തനത്തിന്റെ ആരംഭവും ആശുപത്രി & സാമൂഹ്യസേവനത്തിന്റെ ആരംഭവും വെവ്വേറെയാണ്.
2. ആശുപത്രി പ്രവർത്തനങ്ങൾ മുടങ്ങാതെ പ്രവർത്തിക്കുവാനുള്ള സഹായം അയയ്ക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിൽ തന്നെ നിക്ഷേപിക്കണമെന്ന് താല്പര്യപ്പെടുന്നു. അങ്ങനെ പണം അയച്ചവരും അയയ്ക്കുവാൻ താല്പര്യപ്പെടുന്നവരും ആ വിവരം ദയവായി ആ വിവരം Dr. മുരളീധർ അവർകളെ അറിയിക്കേണ്ടത് ആവശ്യമാണ്.
3. ഡോക്ടർമാരായ വായനക്കാർ തങ്ങളുടെ അവധിക്കാലങ്ങളിൽ ഈ ആശുപത്രിയിൽ വന്ന് താമസിച്ച് ശുശ്രൂഷിക്കുവാൻ ആഗ്രഹിക്കുന്നവർ Dr. മുരളീധർ അവർകളുമായി ബന്ധപ്പെടുവാൻ അപേക്ഷിക്കുന്നു. Dr. K. Muralidar MD., MNAMS. e-mail: muralidar.anaikatty@gmail.com. താമസിക്കുവാനുള്ള ഭക്ഷണ സൗകര്യങ്ങളും സൗജന്യമായി ചെയ്തുതരുന്നതായിരിക്കും.

***For your kind Attention.......***

**Bank Account Details .. TWT**

| | | |
|---|---|---|
| Name of Bank | : | CANARA BANK |
| Branch | : | ANAIKATTY |
| Account Holders Name | : | Tribal Welfare Trust |
| Account No. | : | 1656201000042 |
| IFSC Code | : | CNRB0001656 |
| MICR Code | : | 78015807 |

***Dr. Muralidhar***

## മഴയുടെ ദുരന്തങ്ങൾ

കഴിഞ്ഞ ചില ആഴ്ചകളായി മലബാർ മേഖലയിൽ മഴകൊണ്ട് ഉണ്ടായ നഷ്ടങ്ങൾ ധാരാളം മരണങ്ങൾ ധാരാളം. **ദൈവത്തിന്റെ സ്വന്തം നാട്** എന്നു വിളിക്കപ്പെടുന്ന ഈ ദേശത്തിൽ കഴിഞ്ഞ വർഷവും ഈ വേദന അനുഭവിച്ചു. അടുത്തടുത്തു വരുന്ന ഈ വെള്ളപ്പൊക്കത്തിന്റെ നാശം, ഒരു കൂട്ടംമക്കൾ അനുഭവിക്കുന്ന വേദന, ഇവ ഇല്ലാതാകണമെങ്കിൽ യഥാർത്ഥ ദൈവത്തെ ആരാധിക്കുന്ന നാം പ്രാർത്ഥിക്കണം. നമ്മുടെ പ്രാർത്ഥന കേരള ദേശത്തെ ഈ നാശത്തിൽ നിന്നു രക്ഷിക്കും. കൂട്ടായ്മ പ്രാർത്ഥന മാത്രം പോരാ, വ്യക്തിപരമായ നമ്മുടെ പ്രാർത്ഥനയിലും പ്രാർത്ഥിക്കേണ്ടത് വളരെ ആവശ്യമെന്ന് വായനക്കാരോട് അഭ്യർത്ഥിച്ചുകൊള്ളുന്നു.

## ONLINE BANKING

**BANK ACCOUNT NUMBERS:**

**Dr. M.G.E. PUSHPARAJ**

**SALEM - 636 005. INDIA**

**STATE BANK OF INDIA** (SALEM-1970)

**A/C No: 10764116842**

SWIFT CODE - SBININBB637- 10764116842

IFSC CODE - IFSC SBIN0001970 -10764116842

**CANARA BANK - SALEM** (SURAMANGALAM BRANCH)

**A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622.

IFSC CODE - IFSC CNRB0001219- 1219101013622.

# അനുമോദിക്കുന്നു





ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ മോദി അവർകളും ഹോം മിനിസ്റ്റർ അമിത് ഷാ അവർകളും കാശ്മീർ ലഡാക്ക് ഭാഗങ്ങൾക്കുള്ള പ്രത്യേക അധികാരം നീക്കിക്കളഞ്ഞത് (അനുഛേദം 370) ഇതുവരെ ആരും ധൈര്യപ്പെടാത്ത ഒരു പ്രധാന തീരുമാനമാകുന്നു. കാശ്മീർ ജനങ്ങൾക്കും പലവിധത്തിൽ ഇത് നന്മയെ ഉണ്ടാക്കും.

ഇതു മുഖാന്തരം തീർച്ചയായും ആഭ്യന്തരയുദ്ധം പോലെയുള്ള കലാപങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. എന്നാലും എടുത്ത ഈ തീരുമാനത്തെ ഉരുക്കുമുഷ്ടി കൊണ്ടു നിയന്ത്രിച്ചാൽ കാശ്മീരും ചേർന്ന് ഏക ഇന്ത്യയായി മാറും. യഥാർത്ഥ ജനാധിപത്യം അവിടെ ഉണ്ടാകാൻ സാദ്ധ്യത ഉണ്ട്. ഈ ഏർപ്പാടിനെ കാശ്മീരിലുള്ള ഒരു വിഭാഗപാർട്ടിയാണ് എതിർക്കുന്നത്. പക്ഷെ അവിടെ ജീവിക്കുന്ന ജനങ്ങൾക്ക് വലിയ നന്മ ഉണ്ടാകും.

ഈ തീരുമാനം ഇന്ത്യ ദേശത്തിന് ഒരു വലിയ സംരക്ഷണം ഉണ്ടാകുന്നു. ഒരു ഭാഗത്തിൽ പാക്കിസ്ഥാനെക്കൊണ്ടും മറുഭാഗത്ത് ചൈനയെക്കൊണ്ടും ഇന്ത്യക്ക് വലിയ ആപത്തുണ്ട്. ഈ ആപത്തിന് മുഴുവൻ പട്ടാളക്കാരെയും ഇറക്കി തൽക്കാല ക്രമീകരണം ചെയ്തിട്ടുള്ളത് നാം സ്വീകരിക്കണം.

ഈ നടപടി എടുത്ത ഉടൻതന്നെ, ഈ വർഷത്തിനുള്ളിൽ ഇലക്ഷൻ ഏർപ്പാടുകളും അറിയിച്ചത് വലിയ രാജതന്ത്രമാണ്. **വല്ലഭഭായി പട്ടേലി**ന്റെ കാലത്തിനുശേഷം ഇന്ത്യയിൽ ധൈര്യമായി എടുത്ത നടപടി എന്ന് ചില നല്ല പത്ര എഡിറ്റർമാർ പുകഴ്ത്തിയിരിക്കുന്നു. നമ്മുടെ ഭാരതദേശത്തിൽ പ്രധാനഭാഗമായ കാശ്മീരിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. തീവ്രവാദികൾ അവിടന്നാണ് ഇന്ത്യക്കുള്ളിൽ വരുന്നത്. ഇത് തീവ്രവാദം ഇല്ലാതാക്കാൻ ഒരു നല്ല വഴിയാകുന്നു.

## മതനിരോധനബിൽ എന്ന ആപത്ത്

ബി.ജെ.പി പാർട്ടി പാർലമെന്റിൽ ഒറ്റയടിക്ക് 37 നിയമങ്ങൾ പാസ്സാക്കിയത് ബി.ജെ.പി എം.പി മാരുടെ മൃഗീയ ഭൂരിപക്ഷബലം കൊണ്ട് ആണ്. ഇതുപോലെ **മതനിരോധന നിയമം** ഭൂരിപക്ഷം കൊണ്ട് നടപ്പാക്കാനും ബി.ജെ.പി യെക്കൊണ്ട് സാധിക്കും. ഇതിന് ആർ.എസ്.എസ്, ബെജ്റംഗദൾ മാതിരിയുള്ള ഹൈന്ദവ മതതീവ്രവാദികൾ കാത്തുകൊണ്ടിരിക്കുന്നു. ഇത് പാർലമെന്റിൽ ഭൂരിപക്ഷം ബി.ജെ.പി എം.പി മാരുടെ ബലം കൊണ്ട് ഇന്ത്യയിൽ ക്രിസ്ത്യാനികൾക്കുണ്ടാകാൻ പോകുന്ന വലിയ ആപത്ത് എന്ന് നമുക്ക് പ്രതീക്ഷിക്കാം. ഇതിനുവേണ്ടി ഇപ്പോഴേ നാം പ്രാർത്ഥിക്കുന്നത് ആവശ്യം.

# അനുമോദനം

## സി.എസ്.ഐ ഈസ്റ്റ് കേരള മഹായിടവകയ്ക്ക് പുതിയ ബിഷപ്പ്



സി.എസ്.ഐ. ഈസ്റ്റ് കേരള മഹായിടവകയുടെ നാലാമതു ബിഷപ്പായി അഭിഷിക്തനായ റൈറ്റ്. റവ. വി.എസ് ഫ്രാൻസിസ് അവർകളെ ജാമക്കാരന്റെ പേരിലും എന്റെ സ്വന്തം പേരിലും ആശംസിക്കുന്നു. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ തുടർന്നുള്ള നാളുകളിൽ മഹായിടവക വചനത്തിന്റെ അടിസ്ഥാനത്തിൽ വളരുവാൻ ദൈവം സഹായിക്കട്ടെ. ഈസ്റ്റ് കേരള മഹായിടവക സഭാംഗങ്ങൾ സാധുക്കളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമാണ്. സാമ്പത്തിക അഭിവൃദ്ധിക്കായി ഡയോസിസിന് ആവശ്യമായ സ്ഥാപനങ്ങളും മറ്റും ഉണ്ടാക്കുവാൻ പുതിയ ബിഷപ്പിന്റെ നേതൃത്വത്തിന് ദൈവീക കൃപ ലഭിക്കട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

**SEPTEMBER - 2019**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.